MAR 19 7

# വിഷയവിവരം.

ഗ്രാമീണവിദ്യാഭ്യാസം.

— റാവുസാഹിബ് ഐ. എൻ. മേനോൻ,
എം. ഏ. (ഓക്സൺ) ബി. ലിററ്.

കൃതഘ്നം.

— ഭൂഷണം, എം. എൻ. വാസുദേവൻ ഭട്ടതിരിപ്പാട്.

സംഗീതകലയും അതിന്റെ വൈശിഷ്ട്യവും.

— മുല്ലോത്തു വി. നാരായണമേനോൻ.

പരിതൃപ്തനായ കാമുകൻ.

— എം. ബാലാദേവി.

മുസോളിനി.

— കല്ലുങ്കൽ ലക്ഷ്മിക്കുട്ടിയമ്മ.

വാസന്തിക.

— വി. എൻ. എം.

ജ്യോതിശ്ശാസ്ത്രം.

— പണ്ഡിതർ, കരുവേലി രാമൻമേനോൻ.

ഭയം.

— സി. എ. കിട്ടുണ്ണി.

ജ്യോതിസ്സു കാട്ടും മാർഗ്ഗം.

— എം. എൻ.

27 MAR 19 7


# കൈരളി

| പുസ്തകം ൨൧ | ൧൧൧൨ കുംഭം | ലക്കം ൧൧. |
|---|---|---|


## ഗ്രാമീണവിദ്യാഭ്യാസം.


--റാവുസാഹിബ ഐ. എൻ. മേനോൻ,

എം. എ. (ഓക്സൺ) ബി. ലിററ്.


III

കൃഷിപരിഷ്കരണമെന്ന ആ വിപുലമായ പ്രശ്നത്തെപ്പററി ചിന്തിക്കുക ഈ ഉപന്യാസത്തിന്റെ പരിധിയിൽ പെട്ടതല്ല. എന്നാൽ നാം പഠിപ്പിക്കുന്ന ശിശുക്കളുടെ ഗാർഹികജീവിതത്തെയും സാമ്പത്തികാവസ്ഥകളേയും കുറിച്ചു കേവലം വിമുഖത ഭാവിക്കുകയും അദ്ധ്യാപകന്മാർ എന്ന നിലക്കു നമുക്കു ചേർന്നതല്ല. അതുകൊണ്ടു, കർഷകന്റെ മുമ്പിൽ വിലങ്ങടിച്ചു കിടക്കുന്ന ചില പ്രധാന വൈഷമ്യങ്ങളിലേക്കു നിങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടു ഞാൻ ഈ ഉപന്യാസം അവസാനിപ്പിച്ചേക്കാം.

മററു തൊഴിലുകളെ അപേക്ഷിച്ചു കൃഷിക്കുള്ള പ്രതിഫലവൈരള്യമാണ് ഈ പ്രശ്നത്തിന്റെ കേന്ദ്രം. നമ്മുടെ പ്രധാനോല്പന്നങ്ങളായ നെല്ലിന്റേയും നാളികേരത്തിന്റേയും വിലക്ക് ഇന്നു എത്രയോ വലിയ ഇടിവു പററിയിരിക്കുന്നു. കൃഷിച്ചിലവും നികുതിയും കൊടുത്തു കഴിച്ചാൽ പിന്നെ ഈ കൃഷിക്കാൎക്കു യാതൊന്നും അവശേഷിക്കുന്നില്ല. പണ്ടു കൃഷി ഒരു തനി 'നാടൻ' കാര്യമായിരുന്നു. നാട്ടിൽ അതിനുള്ള ആവശ്യത്തിന്റെ കൂടുതൽ കുറവനുസരിച്ചാണ് അതിന്റെ വിലക്കും കൂടുതൽ കുറവു വന്നിരുന്നതു്. എന്നാൽ ഇന്നാവട്ടെ മററു വ്യാപാരങ്ങളെപ്പോലെ കൃഷിയും ഒരു അന്തർരാഷ്ട്രീയവിഷയമാ

യിരിക്കുന്നു. ലോകത്തിൻെറ അങ്ങേ അററത്തുണ്ടായ ചില കാരണങ്ങൾ ഇങ്ങേ അററത്തെ കൃഷിക്കും ബാധകമാവുന്നു. അങ്ങിനെ അഖിലലോകപ്രസ്ഥാനങ്ങളുടെ എല്ലാത്തരം തരക്കേടുകൾക്കും വിധേയരായ നമ്മുടെ കൃഷിക്കാർ തജ്ജന്യങ്ങളായ യാതൊരു വക മെച്ചങ്ങളേയും അനുഭവിക്കുന്നില്ല. കാരണം, ഇതരരാജ്യങ്ങളിലെ കൃഷിക്കാരെപ്പോലെ ലോകവുമായുള്ള സമ്പർക്കം ഇവക്കു വളരെ കുറവാണ്. അയാളുടെ വരുമാനം ഇന്നും ഒരു തലമുറക്കു മുമ്പ് ഉണ്ടായിരുന്നതുതന്നെ; എന്നാൽ പ്രവൃത്തി നടക്കുവാനായി വേണ്ട പണം സമ്പാദിക്കുവാനുള്ള ബുദ്ധിമുട്ടുകളോ വളരെ വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. പണ്ടത്തെക്കാൾ കൂടുതലായി അയാളിന്നു ഉണ്ടികക്കാരൻെറയും ദല്ലാളിയുടേയും ദയയ്ക്കു പാത്രമായിരിക്കുന്നു.

കർഷകൻെറ ദയനീയാവസ്ഥയെക്കുറിച്ചു ഇനിയും ബോദ്ധ്യം വരാത്തവക്കു് ഞാൻ ബോദ്ധ്യം വരുത്താൻ ശ്രമിക്കാം. ഏററവും എളിയ ഒരു ഗ്രാമിണാദ്ധ്യാപകൻെറ ശമ്പളത്തെ നെല്ലായി കണക്കാക്കുക. അയാൾക്കു് മാസത്തിൽ 17ക. അതായതു കൊല്ലത്താൽ 204ക. ശമ്പളം കിട്ടുന്നു എന്നുവെച്ചാൽ ഇതു ഉദ്ദേശം 612 പറ നെല്ലിൻെറ വില, അല്ലെങ്കിൽ പണ്ടത്തെ നിലവാരത്തിന്നു 12000വും ഇന്നത്തേതിന്നു 6000വും ഉറപ്പിക നിലത്തിന്മേൽ മുതലിറക്കിയതിന്നു സമമാണ്. മറെറാരുവിധത്തിൽ പറയുമ്പോൾ, നിങ്ങളുടെ ശമ്പളം — അതെത്രതന്നെ തുച്ഛമാവട്ടെ — കർഷകരുടെ കണ്ണിൽക്കൂടി നോക്കുമ്പോൾ അവരിൽ ഒരു ബഹുഭൂരിപക്ഷത്തിന്നു് ഒരിക്കലും സാധിക്കാത്ത മുതലിറക്കിയതിൻെറ ഫലമത്രെ. അപ്പോൾ ‘അത്രയും വിലപിടിച്ച’ ഒരു വിദ്യാഭ്യാസത്തെ തൻെറ കുട്ടികൾക്കു കൊടുക്കുവാനായി ഒരു നിവൃത്തിയുള്ള ഗ്രാമീണപിതാക്കന്മാരെല്ലാം ആഗ്രഹിക്കുന്നതിൽ ആശ്ചര്യത്തിന്നു് എന്താണ് അവകാശം? അങ്ങിനെ പഠിത്തം കഴിഞ്ഞു തൻെറ മകൻ സ്കൂളിൽനിന്നും മടങ്ങിവരുമ്പോൾ പൊൻമുട്ടയിടുന്ന താറാവിനു പകരം ദാരിദ്ര്യം പിടിച്ച തൊഴിലില്ലായ്മയാണ് അവനു സ്വാഗതം ചെയ്യുന്നതെന്നു കാണുമ്പോൾ അയാൾക്കു കഠിനമായ നൈരാശ്യമുണ്ടാവുന്നുവെങ്കിൽ അതിലും ആശ്ചര്യപ്പെടുവാനുണ്ടോ? മനുഷ്യപ്രകൃതി മനുഷ്യപ്രകൃതി തന്നെയായിരിക്കവെ, സാമ്പത്തികവും സാമുദായികവുമായ സ്ഥിതികൾ ഇന്നത്തെ നിലക്കിരിക്കവെ, ഈ കൃഷിക്കാരെല്ലാം ഇനിയും തങ്ങളുടെ മക്ക

ളെ വിദ്യാഭ്യാസത്തിന്നായി അയക്കുന്നുവല്ലോ എന്നാലോചിച്ചിട്ടാണ ഞാൻ അത്ഭുതപ്പെടുന്നതു്.

കക്ശങ്ങളായ സാമ്പത്തികനിയമങ്ങളും ലോകശക്തികളുംകൂടി ഉണ്ടാക്കിത്തീൎത്ത ഈ വിഷമഘട്ടത്തിൽനിന്നും കൃഷകന്മാരെ ഉദ്ധരിക്കുവാൻ ഞങ്ങൾക്കു് എത്രത്തോളം കഴിയുമെന്നു നിങ്ങൾ എന്നോടു ചോദിച്ചേക്കാം. പ്രധാനമായ ബുദ്ധിമുട്ടുകളെപ്പററി ഞാൻ ചുരുക്കത്തിൽ പറയുകയുണ്ടായി. ഇനി കൃഷകരുടെ പ്രധാന ആവശ്യങ്ങളെപ്പററിയും ഞാൻ പറയട്ടെ. സാമ്പത്തികമായ ആവശ്യങ്ങൾ നിറവേററാൻ പററാത്തതുകൊണ്ടു കാൎഷികസമുദായത്തിന്റെ ക്ഷേമത്തിനു പ്രത്യക്ഷമായും പരോക്ഷമായും പലേ ബുദ്ധിമുട്ടുകളും ഉണ്ടാവുന്നുവെങ്കിലും, അവരുടെ ആവശ്യങ്ങൾ മുഴുവൻതന്നെയും സാമ്പത്തികമല്ല. അവരുടെ അത്യാവശ്യങ്ങളിൽ ഞാൻ ഇവയെ ഉൾപ്പെടുത്തുന്നു:--

(1) കാൎഷികോല്പന്നങ്ങൾ കുറേക്കൂടി നന്നാവുക.

(2) വായ്പ വാങ്ങുവാൻ കുറേക്കൂടി സൌകൎയ്യമുണ്ടാവുക.

(3) വിത്തു്, വളം, കന്നുകാലി തുടങ്ങിയ കാൎഷികസാമഗ്രികൾ കിട്ടുവാൻ കുറേക്കൂടി സൌകൎയ്യമുണ്ടാവുക.

(4) ഉല്പന്നങ്ങളെ ക്രയവിക്രയം ചെയ്വാൻ കൂടുതൽ സൌകൎയ്യമുണ്ടാവുക.

(5) വിദ്യാഭ്യാസത്തിനു കൂടുതൽ സൌകൎയ്യമുണ്ടാവുക.

(6) കുറേക്കൂടി ശുചീകരണം.

(7) സാമൂഹ്യജീവിതത്തിനു കുറേക്കൂടി സൌകൎയ്യങ്ങളും, സന്മാൎഗ്ഗികബോധവിധേയകങ്ങളും ബുദ്ധിവികാസോപയുക്തങ്ങളുമായ വിനോദങ്ങൾക്കു കുറേക്കൂടി സന്ദൎഭങ്ങളും.

ഇവയിൽ അവസാനത്തെ മൂന്നും നിങ്ങളെ സ്പൎശിക്കുന്നവയും വിദ്യാഭ്യാസംകൊണ്ടു സാധിക്കാവുന്നവയുമാണ്. സമുദായത്തിന്റെ പൊതുവെയുള്ള ക്ഷേമത്തെ ലാക്കാക്കി പരസ്പരം സഹായിക്കുവാൻ മുതിൎന്നവരെ പഠിപ്പിക്കുകയും ഗ്രാമീണയോഗക്ഷേമസംഘങ്ങളെ (Village Welfare Associations) രൂപവൽക്കരിക്കുകയും അദ്ധ്യാപകന്മാരുടെ സാദ്ധ്യകോടിയിൽപെട്ടതാണ്. മററുതരം ആവശ്യങ്ങൾ നിറവേററുവാൻ മററുതരം ആളുകൾ ആവശ്യമുണ്ടു്. ഗ്രാമീണജീവിതപുനഃസംഘടനയുടെ സൎവ്വപ്രധാനമായ ഘടകമാണ വിദ്യാഭ്യാസം. അതുകൊണ്ടു ഈ പുനഃസംഘടന സാധിക്കുവാനുള്ള പ്രധാന ഭാരവാഹികൾ ഗ്രാമീ

ണാദ്ധ്യാപകന്മാരത്രെ. ഗ്രാമത്തിലെ അദ്ധ്യാപകന്നു് ഇന്നും അവിടെ പ്രത്യേക ചില സ്വാധീനശക്തികളൊക്കെയുണ്ടു്. മററാരിലും ഇല്ലാത്തയത്ര വിശ്വാസം ഗ്രാമീണർ അയാളിൽ നിക്ഷേപിക്കുന്നു; ഗ്രാമീണസേവനത്തിൻെറ എല്ലാ ചില്ലകളിലും വ്യാപരിക്കുവാൻ നിങ്ങൾക്കു വളരെയധികം സന്ദർഭങ്ങൾ ലഭിക്കുന്നു. ഗ്രാമീണ യോഗക്ഷേമസംഘങ്ങളിൽക്കൂടി (Village Welfare Associations) യുള്ള പ്രവൎത്തനം അദ്ധ്യാപകന്മാരെ വളരെ സഹായിക്കും. അത്തരം കാൎയ്യങ്ങളിൽ അദ്ധ്യാപകന്മാർ നേതൃത്വംതന്നെ ഏറെറടുക്കേണ്ടതാണു്. മുതിൎന്നവരെ 'വിദ്യയഭ്യസിപ്പിക്കുമ്പോൾ കേവലം' അവരുടെ നിരക്ഷരത്വം മാററുക മാത്രമായിരിക്കരുതു നിങ്ങളുടെ ഉദ്ദേശം. വൃത്തിയേയും ആരോഗ്യശാസ്ത്രത്തേയും പററി കുറെക്കൂടി ബോധമുണ്ടാകുവാൻ, 'പിടിപ്പി'ൻേറയും സഹകരണത്തിൻേറയും ആവശ്യകതയെപ്പററി കുറെക്കൂടി ബോദ്ധ്യപ്പെടുത്തുവാൻ, പൊതുക്കാൎയ്യങ്ങളിൽ ചുമതലാബോധത്തോടുകൂടി പെരുമാറുവാൻ, കൃഷിയിൽനിന്നും കിട്ടുന്ന ആദായത്തെ മററു ചില്ലറ വ്യാപാരങ്ങളെക്കൊണ്ടു പുഷ്ടിപ്പെടുത്തുവാൻ, ഒഴിവുസമയത്തെ തങ്ങളുടെയും തങ്ങളുടെ അയൽവക്കക്കാരൻേറയും നന്മക്കായി വിനിയോഗിക്കുവാൻ— ഇവക്കൊക്കെ അദ്ധ്യാപകൻ ഗ്രാമീണരെ സഹായിക്കേണ്ടതുണ്ടു. 'മുതിൎന്നവരുടെ വിദ്യാഭ്യാസം' എന്നതിൻെറ ശരിയായ പരിധിയും യഥാൎത്ഥത്തിലുള്ള അൎത്ഥവും ഇതാണു്. ഈ അൎത്ഥത്തിൽ വീക്ഷിക്കുമ്പോൾ ഗ്രാമീണപുനഃസംഘടനയിൽ അതിന്നുള്ള പ്രാധാന്യം സുവ്യക്തമാവുന്നുവല്ലോ.

ഗ്രാമീണ പുനഃസംഘടനയുടെ മെച്ചങ്ങളെപ്പററി മുതിൎന്നവരെ പറഞ്ഞു മനസ്സിലാക്കുന്നതുകൊണ്ടു വളരെ പരിമിതമായ ഫലമേ ഉണ്ടാകുകയുള്ളു. സമുദായസംഘടനയുടെ അഗാധതയിൽ ഭാവിശ്രേയസ്സിൻെറ അടിത്തറയെ ഉറപ്പിച്ചു കെട്ടിപ്പടുക്കണമെങ്കിൽ, ഗ്രാമീണശിശുക്കളെ വേണ്ടുംവിധം വളൎത്തിക്കൊണ്ടു വരാനാണു നാം മനസ്സുവെക്കേണ്ടതു്. അതുകൊണ്ടു ഗ്രാമീണവിദ്യാഭ്യാസത്തിന്നുള്ള നവപദ്ധതിയിൽ 'ഗ്രാമീണത്വ'ത്തിന്നു വളരെ പ്രധാനമായ ഒരു സ്ഥാനം ഉണ്ടാവേണ്ടതാണു്. 'ഗ്രാമീണത്വ'മെന്നു പറഞ്ഞതുകൊണ്ടു വെറും തൊഴിൽപരമായ വിദ്യാഭ്യാസമെന്നല്ല ഞാൻ ഉദ്ദേശിച്ചതു്. ഗ്രാമീണജീവിതത്തോടു ഏററവും സംബന്ധപ്പെട്ട ഒരു വിദ്യാഭ്യാസം എന്നു മാത്രമേ ഇവിടെ വിവക്ഷയുള്ളു. ഗ്രാമീണവിദ്യാഭ്യാസത്തിന്നുള്ള ഏതെങ്കിലും ഒരു നവപദ്ധതി രൂപവൽക്കരിക്കുമ്പോൾ, ഗ്രാമീണവൃത്തികളാൽ വള

രേയധികം രൂപവൽക്കരിക്കപ്പെട്ട ഗ്രാമത്തിന്റെ ആവശ്യങ്ങളും സന്ദർഭങ്ങളും കൂടി വീക്ഷണകോണിൽ പെടേണ്ടതാണ്. നാട്ടിൻപുറത്തെയെന്നപോലെ നഗരത്തിലെ ജീവിതത്തെക്കുറിച്ചും സാമാന്യമായി പറയുമ്പോൾ ഇതു പരമാർത്ഥമാണ്, സംശയമില്ല. എന്നാൽ, തൊഴിലിന്റെ ആവശ്യങ്ങളും സന്ദർഭങ്ങളും നാട്ടിൻപുറത്തെ ജനതയുടെ സംഘടനയിലും, വീക്ഷണഗതിയിലും, ആശകളിലും ചില പ്രത്യേക മുദ്രകൾ പതിപ്പിക്കുന്നു. അതുകൊണ്ടു നാം അതിനെ നന്നാക്കണമെന്നു മോഹിക്കുന്നുവെങ്കിൽ, അതിന്റെ പരിധിയെ വിപുലമാക്കേണമെങ്കിൽ, അതിനെ കുറേക്കൂടി പുഷ്ടിപ്പെടുത്തണമെങ്കിൽ, കുറേ ഭേദപ്പെട്ട ഒരു രീതിയിൽ ജീവിതം നയിക്കുവാൻ അവരെ പ്രാപ്തരാക്കേണമെന്ന ഉദ്ദേശത്തെ മുൻനിർത്തി, ഗ്രാമീണതൊഴിലുകളെ പരിഷ്കരിക്കുവാൻ നാം ശ്രമിക്കണം. വെറും പ്രസംഗംകൊണ്ടു യാതൊരു കാര്യസാദ്ധ്യവുമില്ല. യഥാർത്ഥത്തിൽ കാണുന്നതിനെ ഗ്രഹിക്കുവാൻ മാത്രമേ അവർ ശീലിച്ചിട്ടുള്ളു. കൃഷി, കോ-ഓപ്പറേഷൻ എന്നീ വകുപ്പുകളുടെ പരിശ്രമങ്ങൾ നമ്മുടെ കൊച്ചിരാജ്യത്തെ നാട്ടിൻപുറങ്ങളിൽ ഇത്രയും വമ്പിച്ച പരാജയങ്ങളായി കലാശിച്ചിരിക്കുന്നതു കൃഷകജനതയുടെ ജീവിതത്തേയും ആവശ്യങ്ങളേയും സ്പർശിക്കാതെയുള്ള പ്രചരണവേലകളുടെ പരാജയത്തെ മാത്രമാണ് സ്പഷ്ടമാക്കുന്നതു്. ഏതെങ്കിലും സാമുദായികപരീക്ഷണങ്ങൾ വിജയപ്രദമാവണമെന്നു ആശിക്കുന്നുവെങ്കിൽ, അതു് അവരുടെ ജീവിതത്തെ എങ്ങിനെ നന്നാക്കുവാൻ പോകുന്നുവെന്നു് ആദ്യമായി ഗ്രാമീണരെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ടു്. ചിരകാലസ്ഥായിയായ മാമൂലിന്റേയും പരിമിതമായ വരുമാനത്തിന്റേയും ഇടക്കു നിന്നു ഞെങ്ങി ഞെരുങ്ങിക്കഴിയുന്ന ഗ്രാമീണജനത ഏതെങ്കിലും വ്യതിയാനത്തെ സ്വീകരിക്കണമെങ്കിൽ അതിന്റെ എല്ലാ മെച്ചങ്ങളേയും കുറിച്ചു അവൎക്കു പ്രത്യക്ഷബോദ്ധ്യം വരേണ്ടതാണ്. ഇതു സാധിക്കുവാനുള്ള പ്രധാന മാർഗ്ഗം ഗ്രാമീണവിദ്യാഭ്യാസപരിഷ്കരണമത്രേ.

(തുടരും)

# കൃതഘ്ന.

— ഭൂഷണം, എം. എൻ. വാസുദേവൻ ഭട്ടതിരിപ്പാട്.

I

1. അന്തിതൻ പാദസ്പർശമംബരാശോകത്തിന്മേൽ
ബന്ധുര നക്ഷത്രാളീസൂനങ്ങൾ പരത്തവേ

2. പൂർവ്വാദ്രിശിഖരത്തിലോഷധീശനന്നെത്തി
സർവ്വാംഗസമ്മോഹകസുസ്മിതം പൊഴിയ്ക്കവേ,

3. സ്വർന്ദിമാർഗ്ഗസ്ഥമാം മേഘോപലത്തിൽ തട്ടി
വെൺനുര ചിന്തിച്ചെങ്ങും മന്ദമായൊഴുകവേ

4. "വാസന്തി"യിരിക്കയാണേകയായാരാമത്തിൽ
വാസരം മറഞ്ഞതാസ്സുന്ദരി കണ്ടില്ലെന്നോ!

5. പല്ലവാതാമ്രച്ഛായ ഭാമിനീഗണ്ഡത്തിങ്ക-
ലുല്ലസിച്ചിടയ്ക്കിടെ മാഞ്ഞുകൊണ്ടിരിക്കുന്നു.

6. തോഴി ചൊൽകയാൽ തൻെറ കാമുകാഗമനത്തെ
തോഷമുൾക്കൊണ്ടത്തന്വി വീക്ഷിച്ചു വസിക്കയാം.

II

7. രണ്ടിലും പല്ലവങ്ങൾ മർമ്മരം പൂണ്ടു സൌമ്യം
"കണ്ടില്ലയെന്താകാമിത്താമസം" സനിശ്വാസം

8. "കാമനേ പൊറുക്കുക മാമക വിളംബ"മാ
കാമിനി ഞെട്ടിപ്പോയി പിന്നിലി ശബ്ദം കേൾക്കെ

9. പുളകം മുളപ്പിക്കും എന്നാഥഗളോൽഗളൽ
കളമഞ്ജുളാലാപമല്ലവളപ്പോൾ കേട്ടു

10. തിരിച്ചു തണ്ടാർവക്ത്രം മിന്നലൊന്നാകാശത്തിൽ
സ്ഫുരിച്ചതാ വാമതൻ ശിരസ്സിൽക്കൂടിപ്പാഞ്ഞു.

11. പ്രേതങ്ങൾ പോലുണ്ടേതോ നാലഞ്ചാളടുത്തെത്തി
ഭീതയായ് ഗതബോധയസ്സാധു നിലംപൊത്തി.

III

12. കാർമേഘക്കരിമ്പടമൊന്നതാ പുതപ്പിച്ചു
ഭീമമാംകരമേതോ വാർതിങ്കൾക്കിടാവിനെ,

13. എങ്ങോട്ടോ നായികയോയ് നടുങ്ങീ ഖദ്യോതങ്ങൾ
എങ്ങു നീ സന്ധ്യ പോയിന്നൊളിച്ചോ കാലേക്കൂട്ടി.

14. തോഴി! നിൻകണ്ണുനീരാ കൈതവം മറച്ചേക്കാം
പാഴിലാകാമാസ്സാധുപ്പെണ്ണിന്റെ മനോരഥം

15. പക്ഷെ നീ നിനക്കുള്ള ചോറിലായ് കല്ലിട്ടല്ലോ
ശിക്ഷിക്കാതിരിക്കട്ടേയാത്മാവു നിന്നെത്തന്നെ.

# സംഗീതകലയും

# അതിൻെറ വൈശിഷ്ട്യവും.

—മുല്ലോത്തു് വി. നാരായണമേനോൻ.

കലാകാരൻ-- അയാൾ ചിത്രകാരനോ, കവിയോ, ഗായകനോ, ശില്പിയോ, ആരുതന്നെയായാലും വേണ്ടതില്ല-- ഭാവികാലത്തിൻെറ പ്രവാചകനാണ്. ഭാസുരമായ ഒരു ഭാവിയേ അയാൾ എപ്പോഴും വീക്ഷിച്ചുകൊണ്ടിരിക്കുന്നതിനാൽ ഭാവനാഭരിതമായ അയാളുടെ അന്തരംഗം അനിയന്ത്രിതമായും സ്വച്ഛന്ദമായും പുരോഗമനം സാധിച്ചുകൊണ്ടിരിക്കുന്നു എന്നു മാത്രമല്ല, സൌന്ദൎയ്യസമ്പൂൎണ്ണമായ ഒരു കേന്ദ്രത്തിൽ — സത്യസ്വരൂപത്തിൽ-- എത്തുവാൻ അയാളുടെ മനസ്സ് ഉന്മേഷത്തോടെ ഉഴറുകയും ചെയ്യുന്നു.

ശരിയായ കല എന്നതു് ഒരു വസ്തുവെ വെറുതെ പകൎത്തുന്നതു മാത്രമല്ല. ആ വസ്തുവിൽ ലീനമായിരിക്കുന്ന സുന്ദരതരങ്ങളായ ഗുണങ്ങളെ തന്മയത്വലോപം കൂടാതെ പ്രകാശിപ്പിച്ച് ആ വസ്തു ഇന്നവിധത്തിലായിരിക്കണമെന്നും അപ്രകാരമായാൽ ഇപ്പോഴത്തേക്കാൾ സ്വല്പം കൂടി ശുദ്ധമായിരിക്കും ആ വസ്തുവെന്നും ജനസാമാന്യത്തെ കാണിച്ചുകൊടുക്കുകയത്രെ കലാകാരൻെറ പ്രവൃത്തി.

മനുഷ്യവ്യക്തികളെ ത്വരയാ ചരിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രവൎത്തനങ്ങൾക്കു കലാപ്രസരം ഹേതുവായി അടിക്കടി മാററം സിദ്ധിച്ചുകൊണ്ടേയിരിക്കുന്നു എന്നുള്ള വസ്തുത എത്രയും വാസ്തവമായ ഒന്നത്രെ. നമ്മുടെ ചിന്താപരിധിക്കു വിജ്ഞേയമാകാത്ത ചില പന്ഥാവുകളിൽ കൂടി ചിലപ്പോൾ കലകൾ ചരിച്ചു എന്നും വരാം. അങ്ങിനെയുള്ള അവസരങ്ങളിൽ നാം ഭഗ്നാശയരാവാതെ കാൎയ്യങ്ങളുടെ ആന്തരാൎത്ഥം കൂലങ്കഷമായി പരിശോധിച്ചു യാഥാൎത്ഥ്യം മനസ്സിലാക്കുവാനാണു് ഉത്സാഹിക്കേണ്ടതു്. അല്ലാതെ 'കലി മൂത്തതിനാൽ കലകൾ അവരോഹണാവസ്ഥയിലായി' എന്നും മററും ജല്പിച്ചു പുതിയവയെയൊക്കെ മോശമാക്കിത്തള്ളുകയല്ല വേണ്ടതു്. പ്രത്യുത, അവയെ ആദരിക്കയും അവയിൽ കളിയാടുന്ന യഥാൎത്ഥ സൌന്ദൎയ്യത്തെ ആസ്വദിക്കുവാൻ തയ്യാറായിരിക്കുകയുമാണ് നാം വേണ്ടതു്. ആദ്യം പറഞ്ഞവിധത്തി

ലുള്ള വിഷാദാത്മകമായ മനോഭാവം അങ്കുരിക്കുന്നതിന്ന് അല്പം കാരണ മില്ലാഝ്കയില്ല. വൎത്തമാനയവനികയുടെ പിന്നിൽനിന്നാണ നാം ഭാവിയെ വീക്ഷിക്കുന്നതു്. തന്മൂലം മാനവൻ തന്റെ സങ്കുചിതമനസ്സാകുന്ന മാനദണ്ഡംകൊണ്ടു് എത്തും പിടുത്തവുമില്ലാത്തതായ ഭാവിയെ അളന്നു തിട്ടപ്പെടുത്തി തൃപ്തിയടയുവാൻ ശ്രമിക്കുന്നു. ആ സംരംഭത്തിൽ ആശാസ്യമായ ഫലം കിട്ടാതെ വരുമ്പോഠം (അങ്ങിനെ ആവാനാണല്ലൊ എളുപ്പവും) ആശാഭംഗത്തോടെ പിന്തിരിയുകയും ഭാവിയെ ആശങ്കയോടും അവജ്ഞയോടും കൂടി വീക്ഷിച്ചു ജല്പിക്കയും ചെയ്യുന്നു. ഇതാണ കലയുടെ നവീനതത്വത്തോടു ചിലൎക്കു് ഇഷ്ടമില്ലാതായിത്തീരുവാനുള്ള കാരണം. എന്നാൽ ഒരു വസ്തുവിന്റെ സൎവ്വതോമുഖമായ ഗുണങ്ങളേയും അറിയുന്നതിന്നു മുമ്പിൽതന്നെ അതിനെ ത്യാജ്യകോടിയിൽ തള്ളുന്നതു് മുള്ളുള്ള പുറംകണ്ടു് കണ്ടകീഫലത്തെ ഭക്ഷിക്കാൻ കൊള്ളുകയില്ലെന്നു പറയുന്നതുപോലെയാണ്. നാം ആ വസ്തുവെ ശരിയായി അപഗ്രഥിച്ചുനോക്കിയാൽ മാത്രമേ നമുക്കു അറിയുവാൻ തരം വരികയുള്ളു, അതിൽ ലീനമായിരിക്കുന്ന നന്മയും തിന്മയും. വരാനിരിക്കുന്ന വസ്തുവിന്നു പൂൎണ്ണരൂപം ലഭ്യമാകണമെങ്കിൽ അതു അസ്തിത്വത്തെ പ്രാപിക്കതന്നെ വേണം. പൂവിൽനിന്നു കായയുടെ രൂപം സുഗ്രാഹ്യമല്ലല്ലോ. അതുപോലെയാണ് കലയുടെ കാൎയ്യവും. സത്തായ വസ്തുവെ കരതലത്തിലാക്കാൻ സന്മനസ്സുള്ള വ്യക്തികഠംക്കമാത്രമേ കലകളെക്കൊണ്ടു് ശരിയായ ഫലമുണ്ടാകയുള്ളു. സദ്വസ്തുകഠംക്കുമാത്രമേ വൎത്തമാനത്തിൽ വൎത്തിപ്പാനും ഭാവിയെ സംബന്ധിച്ചു് എന്തെങ്കിലും ചില സൂചനകഠം കൊടുക്കുവാനും സാധിക്കയുമുള്ളു.

കലയെ സംബന്ധിച്ചുള്ള നവീനങ്ങളായ ആദൎശങ്ങളെ ശരിയായി ഗ്രഹിക്കണമെന്നുണ്ടെങ്കിൽ അന്തരാത്മാവിന് അനുക്രമമായി ഉണ്ടായിക്കൊണ്ടിരിക്കുന്നതും ഉണ്ടാകേണ്ടതുമായ പ്രാദുൎഭാവങ്ങളെ ശരിയായി മനസ്സിലാക്കയും ആ വഴിക്കു് പ്രസാദാത്മകമായ മനോഭാവത്തോടെ കലകളെ സമീപിക്കയും ചെയ്യേണ്ടതാണ്. അപ്രകാരം മനസ്സിനെ നിയന്ത്രിക്കുമ്പോഠം മനസ്സിന്റെ സങ്കുചിതാവസ്ഥ നശിച്ചുപോകയും അതു ഹേതുവായി അതു വികസിക്കയും ഭാവനക്കു വിധേയമാകയും ചെയ്യുന്നു. ഇപ്രകാരം ഒരവസ്ഥയെ പ്രാപിക്കുമ്പോഠം മാമൂൽസമ്പ്രദായങ്ങളും മററും മനസ്സിൽനിന്നു ക്രമേണ തേഞ്ഞുമാഞ്ഞുപോകയും അ

പ്പോഠം ആ ചേതസ്സു യഥാൎത്ഥവും സുന്ദരങ്ങളുമായ ചേതനകളുടേയും ആശയങ്ങളുടേയും കേന്ദ്രമായി പരിണമിക്കയും ചെയ്യുന്നു.

ആത്മാവിനെ ആൎദ്രമാക്കാനും ആനന്ദത്തെ പ്രദാനം ചെയ്യാനും സാധിക്കുന്ന സുന്ദരകലകളിൽവെച്ച് ആപാദമധുരമായി ഗണിക്കപ്പെട്ടിട്ടുള്ള സംഗീതത്തിനുള്ളതായ സ്ഥാനം ഉല്ലോം ഉപരിയായതത്രെ. അന്തരാത്മാവിൽ അനവരതം വിളയാടുന്ന ദിവ്യവും സുന്ദരങ്ങളുമായ ആശയങ്ങളെ ആവേശജന്യമായ രൂപത്തിൽ പ്രകടിപ്പാൻ സംഗീതത്തിനുള്ള ശക്തി അനിൎവ്വാച്യമാണ്. അതിൻെറ പ്രാദുൎഭാവം മാത്രാദികളാൽമാത്രം നിയന്ത്രിതമായിരിക്കയാൽ ശ്രവണേന്ദ്രിയം ഒഴിച്ച മറവള്ള ബാഹ്യേന്ദ്രിയങ്ങൾക്ക് അതിൻെറ ശരിയായ ആസ്വാദനം സുഖകരമല്ല. പക്ഷെ ശ്രവണപുടത്തിൽകൂടി അതു് അന്തൎമുഖമായി ഗമിച്ച് ചിന്തയുടേയും ഭാവനയുടേയും കേളീരംഗമാകുന്ന അന്തരംഗത്തിൻെറ തന്ത്രികളെ ചലിപ്പിച്ച് അദ്ദിക്കിൽ ശക്തിമത്തായ ചില വികാരവീചികളെ ഉളവാക്കി ആനന്ദമൎമ്മരം മുഴക്കുമാറാക്കുന്നു. കാലദേശാവസ്ഥകളിൽ സംഗീതം കാലത്തിനുമാത്രമേ വിധേയമായി വൎത്തിക്കുന്നുള്ളു. ആ വഴിക്കാണ് അതു മാനവൻെറ മനസ്സിനു സംസ്കാരത്തെ പ്രദാനം ചെയ്യുന്നതും.

താളരാഗാദി നിബന്ധനകളാൽ കാല (മാത്ര)ത്തിനു വിധേയമായിട്ടുള്ള സംഗീതം രചിക്കുക എന്നതു പാടുക എന്നതുപോലെ അത്ര ക്ഷിപ്രസാദ്ധ്യമല്ല. കാലദേശാവസ്ഥകൾക്ക് അതീതമായ ജ്ഞാനസ്വരൂപത്തെ കാലത്തോടുകൂടിയിണക്കി ഭൌതികപരിധിയിൽ എത്തിക്കുക എന്നതാണ് സംഗീതത്താൽ സാധിക്കേണ്ടതായിട്ടുള്ളതു്. താല്ക്കാലികമായ കൎണ്ണരസത്തെ മാത്രം ലാക്കാക്കി ചില അക്ഷരങ്ങൾ മാത്രം പെറുക്കിവെച്ചിട്ടുള്ള 'തുക്കട'കളെ യഥാൎത്ഥമായ സംഗീതം എന്നു അഭിസംബോധന ചെയ്യപ്പെടാവുന്നതല്ല. സമ്പൂൎണ്ണമായ ഒരു മംഗലരൂപം മനസ്സിൽ അങ്കുരിച്ച ചിത്തത്തേയും മസ്തിഷ്കത്തേയും ഒരുപോലെ ആനന്ദതുന്ദിലമാക്കുവാൻ യാതൊരു സംഗീതത്തിനു സാധിക്കുമോ അതാണ് യഥാൎത്ഥവും നിത്യവുമായ സംഗീതം. മറവള്ളതെല്ലാം താല്ക്കാലികങ്ങളാണ്. ഇക്കാരണത്താലത്രെ ത്യാഗരാജാദി ഭക്തശിരോമണികളുടെ ഗാനം ഇന്നും മുന്നേപ്പോലെ ആസ്വാദ്യമായിരിക്കുന്നതു്.

ചിത്രമെഴുത്തിനേയോ ശില്പകലയേയോ മറ്റോ ആസ്വദിക്കുന്നതുപോലെ സംഗീതാസ്വാദനം സൎവ്വൎക്കും സുകരമല്ല. 'ആനക്കുഴിയിൽ

നിന്നാനയെ കേററവാൻ ആനയല്ലാതെ മറേറകനുണ്ടാകുമോ’ എന്ന പോലെയാണ് സംഗീതത്തിൻെറ കാൎയ്യവും. ആ കലയിൽ ശരിയായ ജ്ഞാനമുള്ളവൎക്കു മാത്രമേ ഉള്ളഴിഞ്ഞു് അതിനെ ആസ്വദിക്കുവാൻ സാധിക്കയുള്ളൂ. ഇക്കാലത്തു സംഗീതയന്ത്രങ്ങൾക്കു വായ്പാട്ടിനേക്കാൾ പ്രചാരം സിദ്ധിച്ചിരിക്കുന്നതിനുള്ള കാരണം അതിൽ അടങ്ങിയിരിക്കുന്ന പാട്ടുകളോ രാഗങ്ങളോ എന്നും ഒരേ ഒരു രൂപത്തിൽതന്നെ ശ്രാവ്യമാകുന്നതുകൊണ്ടുമാത്രമാണ്. സ്വനഗ്രാഹിയന്ത്രം മുതലായവകൾ മൂലം സംഗീതവിദ്വാന്മാരുടെ ഗാനങ്ങൾ നമുക്കു വീട്ടിലിരുന്നു ആസ്വദിക്കാമെങ്കിലും പകൎപ്പ് എപ്പോഴും പകൎപ്പുതന്നെയായേ തീരുന്നുള്ളൂ.

ഗാനം ശരിയായി ആസ്വദിക്കണമെങ്കിൽ രാഗതാളങ്ങളോടൊപ്പം തന്നെ ആ ഗാനത്തിൽ ലീനമായിരിക്കുന്ന സ്വോഭങ്ങളെക്കുറിച്ചു കൂടി തെല്ലൊന്നു മനസ്സിലാക്കേണ്ടതാണ്. ഇന്നിന്ന കാലങ്ങളിൽ പാടുന്നതിന്ന് ഇന്നിന്ന രാഗങ്ങളേ പാടുള്ളു എന്നൊരു നിയമം കൂടിയുണ്ടല്ലോ. എന്നാൽ ഇക്കാലത്തു നാം കേൾക്കുന്ന പാട്ടുകളെ സാധാരണഭാഷയിൽ ‘ഭേഷ്’ എന്നു പറയാമെങ്കിലും വികാരരഹിതമാകയാൽ ആത്മോദ്ദീപകമാകുന്നില്ലെന്നു പറയുന്നതിൽ വലിയ തെററുണ്ടെന്നു തോന്നുന്നില്ല. സംഗീതത്തെ ഒരു കലയായി കണക്കാക്കാതെ അഹോവൃത്തിക്കുള്ള ഒരു മാൎഗ്ഗമായി പരിഗണിക്കുന്നതുകൊണ്ടുള്ള തെററല്ലയോ ഇതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള പാട്ടുകൾ ഒരു പക്ഷെ ആ കലയുടെ പരുപരുത്ത സാങ്കേതികവശങ്ങളുടെ പോഷണത്തിനുപയുക്തമായിത്തീൎന്നേക്കാമെങ്കിലും അന്തരാത്മാവിനെ തട്ടിയുണൎത്തുവാൻ അവയ്ക്കു സാധിക്കുകയില്ല. കോമളങ്ങളായ വികാരതരംഗങ്ങളാൽ തിരതള്ളുന്ന അന്തഃകരണത്തിൽനിന്ന് അനൎഗ്ഗളമായി പൊട്ടിപ്പുറപ്പെടുന്ന മൃദുലമൎമ്മരങ്ങളത്രെ ശരിയായ സംഗീതം. അത്തരം ഗീതങ്ങളെക്കുറിച്ചാണ് ‘പശുൎവ്വേത്തി, ശിശുൎവ്വേത്തി, വേത്തിഗാനരസം ഫണി’ എന്നു പണ്ഡിതവരേണ്യന്മാർ പാടിയിട്ടുള്ളതു്.

അന്തരാത്മാവിന്നു സംഗീതാസ്വാദനം ഹേതുവായി ഉണ്ടാകുന്ന ലയഭാവം നമുക്ക് എന്തെന്നില്ലാത്ത ഒരു ഉന്മേഷത്തേയും ഉത്സാഹത്തേയും പ്രദാനം ചെയ്യാൻ പൎയ്യാപ്തമായിരിക്കും. ഗാനവീചികൾ ചിത്തകോരകത്തെ തട്ടിയുണൎത്തി വികസിപ്പിക്കുന്നതുകൊണ്ടു് ഉൽഭൂതമാകുന്ന ആദ്ധ്യാത്മിക സുഗന്ധമായിക്കരുതാം സംഗീതത്തെ. വ്യക്തിത്വത്തിന്നു സ്ഥാനമില്ലാതെ അന്തഃകരണശുദ്ധിയുള്ളവരുടെ ഹൃദയാന്തർഭാ

ഗത്തുനിന്നു് അനർഗളമായി ഉൽഗളിക്കുന്ന നിർമ്മലഗാനങ്ങൾക്കു മാത്രമേ 'പ്രകൃതി സംഗീതം' എന്നു നാമകരണം ചെയ്യാവൂ. അതിവിപുലങ്ങളായ തത്വരത്നങ്ങളാലും അതേസമയം തന്നെ അതിലളിതങ്ങളായ പദാവലികളാലും സുന്ദരങ്ങളായ ആശയങ്ങളാലും കൂട്ടിയിണക്കപ്പെട്ടിട്ടുള്ളതും മനുഷ്യഹൃദയത്തെ ഹഠാൽ ആകർഷിച്ച് അതിനെ നിശ്ചലമാക്കി നിറുത്തി അതിന്റെ പുരോഗമനത്തെ ശാശ്വതസുഖത്തിലേക്കു മാത്രം നിയന്ത്രിക്കുവാൻ സാധിപ്പിക്കുന്നതിന്നു ശക്തിയുള്ളതുമായ ഗാനമാണു യഥാർത്ഥകലാകാരന്റെ ഗാനം. അതിലാണു കലയുടെ സൌന്ദര്യത്തിന്റെ ശരിയായ ജൃംഭണം പ്രത്യക്ഷമാകുന്നതു്. അങ്ങിനെ വരുമ്പോൾ അവിടെ ദൈവീകത്വം കുടികൊള്ളുന്നു എന്നുകൂടി പറയാം. അപ്രകാരമുള്ള ഗാനം ഭാവിയെ ആശയോടെ വീക്ഷിക്കാനും തരംവരുത്തുന്നു. അപ്പോഴാണു് 'നിത്യമായ സത്യസ്വരൂപത്തെ പ്രതിഫലിപ്പിക്കാൻ ചിന്താശീലനായ മനുജന്റെ സൽപഥത്തിൽ കൂടിയുള്ള പ്രവൃത്തികളാണു കലകൾ' എന്നുള്ള നിർവ്വചനം അന്വർത്ഥമായിത്തീരുന്നതു്.

# പരിതൃപ്തനായ കാമുകൻ.

(ഒരു ഏകാങ്കനാടകം.)

—എം. ബാലാദേവി.

കഥാപാത്രങ്ങൾ:—

രാഘവമേനോൻ—പണക്കാരനായ ഒരു യുവാവ്.

മാധവൻനായർ—ഒരു ഗൃഹസ്ഥൻ.

അപ്പുകുട്ടൻ—രാഘവമേനോന്റേയും മാധവൻനായരുടേയും സ്നേഹിതൻ.

ലീലാവതി—അവിവാഹിതയായ ഒരു യുവതി. പിന്നീട് രാഘവമേനോന്റെ ഭാൎയ്യ.

ഭാരതിയമ്മ—ലീലാവതിയുടെ അമ്മ.

മാലതി—മാധവൻനായരുടെ ഭാൎയ്യ, ലീലാവതിയുടെ ബാല്യസഖി.

വാലിയക്കാരത്തി അമ്മു.

വാലിയക്കാരൻ ചെക്കൻ.

## രംഗം ൧.

സ്ഥലം:—മാലതിയുടെ ഭവനത്തിലെ ഒരു മുറി. (മാലതിയും അവളുടെ ഭൎത്താവ് മാധവൻനായരും ഓരോ കസേരയിൽ ഇരിക്കുന്നു. മാലതി ഒരെഴുത്തു വായിക്കുന്നു.)

മാലതി:—(വായിക്കുന്നു) പ്രിയപ്പെട്ട മാലതി, നിങ്ങൾ അയച്ചിരുന്ന എഴുത്തുകിട്ടി. പക്ഷെ അതിൽ പറഞ്ഞിരുന്നതു് ആലോചിക്കുമ്പോൾ എനിക്കു വല്ലാത്ത മനസ്താപവും പരിഭ്രമവും തോന്നുന്നുണ്ട്. മിസ്റ്റർ രാഘവമേനോനെ എനിക്കു നല്ല പരിചയമില്ലെങ്കിലും അയാളുടെ സ്വഭാവം നല്ലതല്ലെന്നാണു കേൾക്കുന്നതു്. അയാൾ രണ്ടുകൊല്ലം മുമ്പ് ഒരു സ്ത്രീയെ വിവാഹം ചെയ്യുകയും ഇയ്യിടെ അവരെ ഉപേക്ഷിക്കുകയും ചെയ്തുവത്രെ! ഈ തരത്തിലുള്ള ഒരു മനുഷ്യനെ എങ്ങിനെയാണ്, എന്റെ അനുജത്തി, ഞാൻ സ്വീകരിക്കുക? അമ്മയുടേയും അച്ഛന്റേയും ഹിതംപോലെ ചെയ്യണമെന്നു നിങ്ങൾ പറയുന്നു. പക്ഷെ ഈ കാൎയ്യത്തിൽ എനിക്കതിന്നു മനസ്സു വരുന്നില്ല. ആളുകൾ പറയുന്നതൊന്നും അത്ര വിശ്വസിക്കേണ്ട എന്നാണ് അമ്മ പറയുന്നതു്. നിങ്ങൾ ഈ കേൾക്കുന്ന വൎത്തമാനം വാസ്തവമാണോ എന്ന

നേഷിച്ച്, ഞാൻ ചെയ്യേണ്ടതെന്തെന്നു ഒന്നുപദേശിച്ചാൽ കൊള്ളാം, എന്ന് സ്വന്തം ലീലാവതി.

മാധവൻനായർ:—ഇനി എന്താണു വേണ്ടതു്?

മാലതി:—അതിനെന്താണ് പരിഭ്രമിയ്ക്കാനുള്ളതു്? നിങ്ങൾ പോയി അതെല്ലാം നുണയാണെന്നു പറഞ്ഞു ധരിപ്പിക്കണം.

മാ. നാ:—അതുകൊണ്ടവർ വഴിപ്പെട്ടില്ലെങ്കിലോ?

മാലതി:— എൻെറ ഒരെഴുത്തും കൂടി ഉണ്ടായാൽ മതി. അവൾ ധാരാളം വഴിപ്പെടും.

മാ. നാ:—(സസ്നേഹം മാലതിയെ ആശ്ലേഷിയ്ക്കുവാൻ കൈനീട്ടിക്കൊണ്ട്) നിൻെറ ഇമ്മാതിരിയിലുള്ള സാമർത്ഥ്യം തന്നെയല്ലേ, എന്നെ ആദ്യമെതന്നെ ഇങ്ങിനെ വശത്താക്കിട്ടുള്ളതു്?

മാലതി:—(കൈ തട്ടിക്കൊണ്ട്) മതി. ശൃംഗാരപ്രകടനമൊക്കെ പിന്നെയാവാം. മുണ്ടു മാറി വേഗം പുറപ്പെട്ടോളു. പീടികയിലെ വേങ്കു അയ്യര് കണ്ണുരുട്ടിമിഴിച്ചു പോകണകണ്ടില്ലേ? ഈ കല്യാണം നടത്തിച്ചുകൊടുത്താൽ രാഘവമേൻെറ കയ്യിൽനിന്നു നല്ലൊരു സംഖ്യ കിട്ടും.

മാ. നാ:—(വീണ്ടും കൈ നീട്ടിക്കൊണ്ടു മാലതിയുടെ അടുത്തുവന്നു) നീ ശുണ്ഠിയെടുക്കണതു കാണാൻകൂടി എനിയ്ക്കെന്തു കൌതുകമാണെന്നോ! നീ എന്നെ പച്ചെ പച്ചെ ചവച്ചുതിന്നും; എനിയ്ക്കറിയാം അതു്. നിനക്കെന്നെ അത്ര കാര്യമാണ്.

മാലതി:—കുരങ്ങ്! (ക്രോധാരക്തവദനയായി മാധവൻനായരുടെ അടുത്തുചെന്ന് അയാളുടെ തല പിടിച്ചു ശക്തിയായി കുലുക്കുന്നു. മാധവൻ നായർ കണ്ണു തുറിക്കുന്നു.)

മാ. നാ:—(തല തടവിക്കൊണ്ട്) ശുണ്ഠിയെടുക്കേണ്ടാ പൊന്നെ! ഞാൻ വേണ്ടതു ചെയ്യില്ലേ? ലീലാവതിയെ പാട്ടിലാക്കേണ്ട വിദ്യയെല്ലാം ഞാൻ പഠിച്ചു മറന്നതല്ലേ?

മാലതി:—എന്നാൽ കാണട്ടെ. അടുത്ത മാസത്തിൽതന്നെ അവളുടെ കല്യാണം കഴിയണം. ആ പൊന്നുവിളയിക്കണ രാഘവമേനെ ഓർത്തു വേഗം ശ്രമിച്ചോളൂ. കുറച്ച് അവനവൻെറ കുഡുംബകാര്യം കൂടി വിചാരം വേണ്ടേ? അതുണ്ടായിത്തുടങ്ങീട്ടില്ലല്ലോ, ഇത്ര പോന്നിട്ടും കൂടി.

മാ. നാ:—ഉണ്ടു്. ആ വിചാരമെല്ലാം നിന്നേക്കാൾ കൂടുതലായി എനിക്കുണ്ടു്. ഞാൻ ഇതാ പോവുകയായല്ലോ. (മാധവൻ നായർ അഴയിൽ കിടക്കുന്ന മുണ്ടും രണ്ടാമുണ്ടും എടുത്തു ധരിക്കുന്നു.)

മാ. നാ:—നമ്മുടെ തങ്കപ്പെണ്ണെവിടെ? അവൾക്കു് ഒരുമ്മ കൊടുത്തിട്ടേ എനിക്കു പോകുവാൻ ധൈര്യമുള്ളു. ഒരു സമയം മടങ്ങുവാൻ രണ്ടു ദിവസം വൈകിയെങ്കിലോ?

മാലതി:—വേണ്ട, വേണ്ട. അവൾ കിടന്നുറങ്ങുകയാണു്. ഇനി അവളേയും കൂടി തന്റെ ദുശ്ശീലം പഠിപ്പിച്ചിട്ടുവേണം എന്നുണ്ടു് അല്ലേ? തരാവും മറക്കല്ലേ. വേഗം പോയി വരൂ.

(മാലതി ദേഷ്യത്തോടെ ഭർത്താവിന്റെ നേരെ നിശിതമായ ഒരു നോട്ടം നോക്കുന്നു. അയാൾ പരുങ്ങിക്കൊണ്ടു്)

മാ. നാ:—അപ്പോൾ എഴുത്തു തരാമെന്നു പറഞ്ഞതോ?

മാലതി:—ഓ, മറന്നു. ഇപ്പോൾ തന്നേക്കാം. (കടലാസ്സും പെൻസിലുമെടുത്തു എഴുതുവാൻ തുടങ്ങുന്നു.)

മാ. നാ:—(പതുക്കെ) അപ്പോഴേക്കും ഞാൻ തങ്കത്തിനെ ഒന്നെടുത്തിട്ടു വരട്ടെ.

(ദേഷ്യത്തോടുകൂടി, മാലതി തലയുയർത്തി, അകത്തേക്കു പോകുന്ന അയാളെ നോക്കുന്നു. എന്നിട്ടു വീണ്ടും എഴുത്തു തുടങ്ങുന്നു. അകത്തുനിന്നും കുട്ടിയുടെ കരച്ചൽ കേൾക്കുന്നു. മാലതി ക്രോധത്തോടുകൂടി അകത്തേക്കു പോകുന്നു.)

(കർട്ടൻ)

## രംഗം ൨.

സ്ഥലം.—ലീലാവതിയുടെ വീട്ടിൽ അവളുടെ മുറി.

സമയം:— ഉച്ചതിരിഞ്ഞു്.

ലീല ഒരെഴുത്തു വായിച്ചുകൊണ്ടിരിക്കുന്നു.

ലീല:—(വായിക്കുന്നതിൽനിന്നും തലയുയർത്തി വാതിൽക്കൽ നിൽക്കുന്ന വേലക്കാരിയോടു്) ഇനി എന്തിനാണു നിൽക്കുന്നതു്. പോയി ജോലി നോക്കിക്കോളൂ.

വേല:—ഈ എഴുത്തുകൊണ്ടുവന്ന നായരക്കു ലീലമ്മയെ ഒന്നു കാണണമത്രെ!

ലീല:—ഇനി കാണേണ്ട ആവശ്യമൊന്നുമില്ലെന്നു പോയി പറഞ്ഞേക്കു.

ഞാൻ സമ്മതിച്ചു എന്നു മാലതിയോടു പോയി പറഞ്ഞേയ്ക്കട്ടെ. ഉം. വേഗം പോയി പറ.

(മാധവൻ നായർ ഇതു കേട്ടു പുഞ്ചിരിയിട്ടുകൊണ്ടു പ്രവേശിക്കുന്നു. പരിഷ്കരിച്ച വേഷം കണ്ടു ലീല അമ്പരന്നു എഴുനേററു നില്ക്കുന്നു.)

ലീല:—ആ കസേരയിൽ ഇരിക്കാം. ആരാണെന്നു എനിക്കു മനസ്സിലായില്ല. (വേലക്കാരിയോട്) ഇനി എന്തിനാണിവിടെ നില്ക്കുന്നതു്? പൊയ്ക്കോളൂ. (വേലക്കാരി പോകുന്നു.)

മാ. നാ:—(ചിരിച്ചുകൊണ്ടു്) ആരാണെന്നു മനസ്സിലായില്ല അല്ലേ? ഞാൻ അങ്ങോട്ടു ധാരാളം അറിയുമല്ലോ. സാമാന്യം നല്ല പെൺകുട്ടികളെ കണ്ടാൽ അത്ര വേഗം മറക്കുന്നവനല്ല ഞാൻ.

(ലീലയുടെ മുഖം ദേഷ്യംകൊണ്ടു തുടുക്കുന്നു. അവളുടെ ചുണ്ടുകഠം വിറയ്ക്കുന്നു. അവഠം തല താഴ്ത്തി നില്ക്കുന്നു.)

മാ. നാ:—അപ്പോഠം നിങ്ങഠംക്കെന്നെ മനസ്സിലായില്ല അല്ലേ? (അയാളുടെ വായിൽനിന്നു കുറെ മുറക്കാൻ തുപ്പൽ താടിയിലൂടെ ഒഴുകി താഴെ വീഴുന്നു. അതു തുടച്ചുകൊണ്ടു്) ഞാൻ മാലതീടെ — (കാട്ടക്കണ്ണിട്ടു ലീലയെ നോക്കി ചിരിക്കുന്നു.)

ലീല:—(അയാളുടെ മുഖത്തു നോക്കാൻ കഴിയാതെ കീഴ്പോട്ടു നോക്കിക്കൊണ്ടു്) ഓ. മനസ്സിലായി. മാലതിയോടു ഞാൻ സമ്മതിച്ചു എന്നു പറഞ്ഞേയ്ക്കൂ. ഇനി എനിയ്ക്കൊന്നും പറയുവാനില്ല. എഴുത്തു് ഞാൻ പിന്നെ തപാൽ വഴിക്കു അയച്ചുകൊള്ളാമെന്നു പറയൂ. (ലീല പോകുന്നു. മാധവൻ നായർ അമ്പരന്നു പോകുന്ന ലീലയെത്തന്നെ നോക്കിനില്ക്കുന്നു. ലീല പോയിക്കഴിഞ്ഞിട്ടും വാതില്ക്കൽനിന്നു കണ്ണെടുക്കുന്നില്ല. വേലക്കാരി വീണ്ടും പ്രവേശിക്കുന്നു.)

മാ. നാ:—വരിൻ, വരിൻ. എനിക്കു വർത്തമാനം പറയാൻ ഒരാളെ കിട്ടിയല്ലോ. അപ്പളെ, നമ്മുടെ വക്കീലു പൊറത്തേക്കു പോയേയ്ക്കാണോ?

വേല:—അതെ. അമ്മ ഇവിടെ ഉണ്ടു്. വിളിയ്ക്കണോ?

മാ. നാ:—വേണ്ട; ഞാൻ പിന്നെ കണ്ടോളാം. അതെയ്, അപ്പോഠം നിങ്ങളുടെ പേരു ഞാനറിഞ്ഞില്ലല്ലോ?

വേല:—എൻെറ പേരു് അമ്മുന്നാണ്. ഞാൻ പൂവ്വാം. പോയി അമ്മെ വിളിച്ചു പറഞ്ഞയയ്ക്കട്ടെ. (പോകാൻ ഭാവിക്കുന്നു.)

മാ. നാ:—ഏയ്, പൂവ്വാൻ വരട്ടെന്നെ. അമ്മയെയൊക്കെ ഞാൻ അങ്ങട്ടു പോയി കാണില്ലെ. അപ്പോഠം പേരു് അമ്മുന്നാണു പറഞ്ഞതു് അല്ലെ. കണ്ടാലും നല്ലൊരമ്മുതന്നെയായി ഇരിക്ക്ണ്ണ്ടു്.

വേല:—ഞാൻ പോട്ടെന്നെ. എന്നെ അമ്മ ശകാരിക്കും.

(ഭാരതിയമ്മ പ്രവേശിക്കുന്നു. ആ നില്ക്കുന്നതു് ആരാണെന്നു അമ്മുവിനോടു ആംഗ്യംകൊണ്ടു ചോദിക്കുന്നു. അമ്മു പരിഭ്രമിച്ചു ഒന്നും മനസ്സിലാവാത്ത മട്ടിൽ ബദ്ധപ്പെട്ടുപോകുന്നു.)

മാ. നാ:—(ചിരിച്ചുകൊണ്ടു്) ഞാനൊ, ഓലക്കാട്ടെ മാലതിയെ അറിയില്ലെ?

ഭാ. അ:—ഓഹോ. ഇപ്പോഠം ഓർമ്മവന്നു. മാധവൻനായരാണു് അല്ലെ? ഇരിക്കു. എന്താണു് ഇരിക്കാത്തതു്? മാലതിയുടെ കുട്ടിക്കു ചോറുകൊടുത്തുവൊ?

മാ. നാ:—(ഒരു കസേരയിൽ ഇരുന്നുകൊണ്ടു്) ഉവ്വ്. ലീലയുടെ സംബന്ധാലോചനയെപ്പറ്റി മാലതി പ്രത്യേകം ചോദിച്ചറിയാൻ പറഞ്ഞിട്ടുണ്ടു്. എന്തായി അതു്?

ഭാ. അ:—ഒന്നും ആയില്ല. അദ്ദേഹം ഇവിടെ അച്ഛന്റെ അടുത്തു നല്ല പിടുത്തം പിടിക്കണ്ണ്ടു്. ലീലക്കാണു നല്ല സമ്മതം പോരാത്തതു്.

മാ. നാ:—വക്കീലിനു സമ്മതമാണോ?

ഭാ. അ:—ഓഹോ. ഒന്നുല്ല്യെങ്കിൽ രാഘവമേനോന്റെ സ്ഥിതി നോക്കണ്ടെ.

മാ. നാ:—പിന്നെ സ്വഭാവവും കേമമല്ലേ? ഞങ്ങളൊക്കെ വലിയ സ്നേഹിതന്മാരാണു്.

ഭാ. അ:—ലീല ഇപ്പോഠം കഷ്ടിച്ചു മൂളീട്ടുണ്ടു്. നടത്തണം എന്നുതന്നെയാണു് ഞങ്ങളുടെഒക്കെ വിചാരം.

മാ. നാ:—പിന്നെ സംശയമുണ്ടോ. അങ്ങിനെതന്നെയല്ലെ വേണ്ടതു്? നമ്മുടെ അടുത്തുവന്നു കുട്ടിയെ ആവശ്യപ്പെടുമ്പോഠം പിന്നെ വെച്ചുകൊണ്ടിരിക്കണതു് ഒരിക്കലും ഗുണമല്ല. അതു് ആവശ്യപ്പെടണതോ ഊക്കൻ ലക്ഷപ്രഭുവും.

ഭാ. അ:—(സ്വരം അല്പം താഴ്ത്തി) ഒരു ദിവസം ഒന്നിങ്ങോട്ടു കൂട്ടികൊണ്ടു വരുവാൻ പറ്റുമോ?

മാ. നാ:—വേണ്ട. അതുവേണ്ട. അതാണു നല്ലതു്. കല്യാണസമയത്തു കാണാമല്ലോ.

ഭ. അ:—എന്താ, കണ്ടാൽ കുറച്ച് അങ്ങിനെയാണോ?

മാ. നാ:—എന്നുവെച്ചാൽ, കണ്ടാൽ യോഗ്യനാണ്. നിറം നല്ല പൂവ്വൻപഴംപോലെയല്ലെന്നുമാത്രം.

ഭാ. അ:—കാലിന്നു കുറച്ചു തരക്കേടുണ്ടോ?

മാ. നാ:—എയ്. ഇല്ല. പിന്നാംപുറത്തുനിന്നു നോക്കിയാൽമാത്രം കുറച്ച്; അതും വലിയ മുണ്ടും ഷർട്ടും രണ്ടാമുണ്ടും ഒക്കെ വരുമ്പോൾ ലവലേശമില്ല.

ഭാ. അ:—അതൊട്ട സാരമില്ല. എന്തു തരക്കേടുണ്ടെങ്കിലും ഈ ക്ഷാമകാലത്തു പണംതന്നെയല്ലെ വലുത്.

മാ. നാ:—പിന്നെ സംശയമുണ്ടോ? പണമില്ലെങ്കിൽ ആക്കുവേണം. നായക്കുംകൂടി വേണ്ടല്ലോ? ഇപ്പോൾ നമ്മുടെ അവിടുത്തെ സ്ഥിതിതന്നെ ഒന്നാലോചിച്ചുനോക്കിയാൽ മതിയല്ലോ. (വായിലെ മുറുക്കാൻ, ജനവാതില്ക്കലേക്കുപോയി തുപ്പി വരുന്നു.) അവിടേണ്ട് ഒരു വായലക്കാളി. ഒന്ന് അങ്ങട്ട് മിണ്ടിയാൽ നൂറ് ഇങ്ങട്ട് കേക്കണം.

ഭാ. അ:—(ചിരിച്ചുകൊണ്ടു എഴുന്നേററിട്ട്) ഇവിടെ ഇരിക്കൂ കെട്ടോ. ഞാൻ ഇപ്പോൾ വരാം. കുട്ടികൾ സ്കൂളുവിട്ടുവന്നു എന്നു തോന്നുണു.

മാ. നാ:—ഞാനും പോവ്വായി.

ഭാ. അ:—എന്നാൽ അങ്ങിനെയാവട്ടെ.

മാ. നാ:—(എഴുന്നേററിട്ടു തൊഴുതുകൊണ്ടു്) ഞാൻ അടുത്തു കണ്ടോളാം.

ഭാ. അ:—രാ.

(രണ്ടുപേരും പോകുന്നു.)

## രംഗം ൩.

സ്ഥലം — മാധവൻനായരുടെ വീടിൻെറ പിൻഭാഗത്തുള്ള തോട്ടം.

സമയം—സന്ധ്യക്കുമുമ്പ്.

(മാധവൻനായരും അയാളുടെ സ്നേഹിതൻ അപ്പുകുട്ടനും സംസാരിച്ചുകൊണ്ടു് ഉലാത്തുന്നു.)

അപ്പുകുട്ടൻ:—(അല്പം ചിരിച്ചുകൊണ്ടു്) ആരെങ്കിലും ഈ കാൎയ്യത്തിൽ ഇത്ര പരിഭ്രമിക്കുമോ സ്നേഹിതാ? ഈ രാഘവമേനോനെ നിങ്ങളേക്കാൾ അധികം ഞാൻ മനസ്സിലാക്കീട്ടുണ്ടല്ലോ. കാൎയ്യം നേരെയാക്കിക്കൊടുത്താൽ മതി എത്ര ക്ഷണം പ്രസന്നമാകുന്ന മനസ്സാണെന്നോ അയാളുടെ.

മാ. നാ:—ആ കാര്യം ഇപ്പോഠം നേരെ ആയപോലെത്തന്നെ ആയില്യേ. എൻെറ മനസ്സിൻെറ സ്ഥിതിയാണു കഷ്ടം. ഒന്നു് ആലോചിച്ചുനോക്കൂ അപ്പുകുട്ടാ.

അപ്പുകുട്ടൻ:—വാസ്തവം, വാസ്തവം. വളരെ കഷ്ടത്തിൽതന്നെയാണ്. അനുരാഗം വന്നു പിടിപെട്ടാൽ പിന്നെ മനുഷ്യൻെറ സ്ഥിതി ജീവച്ഛവംപോലെയല്ലേ. പോരാത്തതിന്നു നിങ്ങഠക്കു മനസ്സിന്നും ലവലേശം ഉറപ്പില്ല.

മാ. നാ:—മനസ്സിന്നുറപ്പോ? ഈശ്വരൻതന്നെ എന്നെ രക്ഷിക്കട്ടെ. ആ വളഞ്ഞ പുരികക്കൊടികളും, തൊണ്ടിപ്പഴംപോലെയുള്ള ചുണ്ടും, മധുരന്നാരങ്ങപോലെ—അയ്യോ! ആരാണ് അതിൻെറ എല്ലാം മുമ്പിൽ ആത്മഹത്യ ചെയ്യാതിരിക്കുക?

(മാധവൻനായരുടെ കണ്ണുകഠം പ്രേമപാരവശ്യത്താൽ നിറയുകയും, പ്രകാശിക്കുകയും ചെയ്യുന്നു.)

അപ്പുകുട്ടൻ:—വ്യസനിക്കാതിരിക്കുന്നേ. എല്ലാം സാധിക്കും. ഇതിൻെറ വല്ല സൂചനയും രാഘവമേനോന്—ഇല്ല, ഉണ്ടോ?

മാ. നാ:—ഉവ്വ്. അന്നൊരു ദിവസം ഞാൻ കുറെയൊക്കെ സൂചിപ്പിച്ചുനോക്കീട്ടുണ്ട്. അദ്ദേഹത്തിനു ഞാൻ പറയുന്നതെല്ലാം സാധിപ്പിച്ചുതരാമെന്നുണ്ട്. (തൊണ്ട വിറച്ചുകൊണ്ട്) ആ ലീലാവതിയെ കിട്ടിയാൽ പോരെ? എല്ലാവരും എന്തും കൂട്ടാക്കില്ലേ?

അപ്പുകുട്ടൻ:—അനുരാഗം വന്നുപിടിച്ചു നിങ്ങളിങ്ങനെ പെയ് പറയാതിരിക്കു സ്നേഹിതാ.

മാ. നാ:—അപ്പോഠം അപ്പുകുട്ടാ, ഈ അനുരോഗം എനിക്കു പിടിച്ചിട്ടുണ്ടോ?

അപ്പുകുട്ടൻ:—(ഉറക്കെ ചിരിച്ചുകൊണ്ട്) അനുരോഗമല്ല, സ്നേഹിതാ. അനുരാഗം അനുരാഗം എന്നാണു പറയുക.

മാ. നാ:—ആ; എന്നാൽ അനുരാഗമായിക്കോട്ടെ, അതു് എനിക്കു പിടിച്ചിട്ടുണ്ടെന്നാണോ നിങ്ങളു് പറയണതു്?

(അപ്പുകുട്ടൻ ഉറക്കെ ചിരിക്കുന്നു. മാധവൻനായർ വ്യസനപരവശനായി ഒന്നും മിണ്ടാതെ നടക്കുന്നു.)

അപ്പുകുട്ടൻ:—(മാധവൻനായരുടെ കൈപിടിച്ചുകൊണ്ട്) ആട്ടെ, മാധവൻനായരെ, വ്യസനിക്കാനൊന്നുമില്ലാന്നെ. ഇതാ, നോക്കു! ഒരു ദിവസം ഞാൻ ഈ സംഗതിയെപ്പറ്റി രാഘവമേനോനോട്—

മാ. നാ:—പറഞ്ഞുവോ?

അപ്പുകുട്ടൻ:—ഉം.

മാ. നാ:—അപ്പോൾ എന്തു പറഞ്ഞു?

അപ്പുകുട്ടൻ:—അപ്പോൾ അദ്ദേഹം പറഞ്ഞതിങ്ങിനെയാണ്. "എന്റെ സ്വഭാവത്തെപ്പററി നാട്ടുകാർ പറയുന്നതു് അത്ര നന്നായൊന്നുമല്ലെന്നു് അറിഞ്ഞുകൂടേ? മാധവൻനായർ എന്റെ ആത്മമിത്രമാണ്. ഞാൻ അയാൾക്കുവേണ്ടി എന്താണ് ചെയ്യാതിരിക്കുക? പിന്നെ, സുന്ദരിപ്പെണ്ണുങ്ങൾ മധുരപലഹാരം പോലെയല്ലേ? എല്ലാവരും കൂടി പങ്കിട്ടെടുത്തു് സ്വാദറിയുകയല്ലേ രസം?

മാ. നാ:—(ഉറക്കെ ചിരിച്ചുകൊണ്ടു്) ഹാ, ഹാ, ഹാ. നല്ല യുക്തി തന്നെ. അപ്പോൾ അപ്പുകുട്ടാ, നോക്കണെങ്കിൽ തനിക്കും അനുവാദമുണ്ടല്ലോ.

അപ്പുകുട്ടൻ:—ഉണ്ടു്, എന്നാലും ഞാൻ എന്റെ കാഹരി നിങ്ങൾക്കു തന്നിരിക്കുന്നു.

മാ. നാ:—ഹാ, ഹാ, ഹാ. ബലേ, ബലേ, ബലേ. നല്ല നേരം പോക്കു തന്നെ. അപ്പോൾ എന്നോടിതൊന്നും മൂപ്പര് പറഞ്ഞില്ലല്ലോ.

അപ്പുകുട്ടൻ: രാഘവമേനോൻ ഇപ്പോൾ ഇങ്ങ്ട് വര്ണ്ണ്ടെന്നു പറഞ്ഞിരുന്നു. മാധവൻ നായരെ ഒന്നു കാണണമത്രെ.

മാ. നാ:—എന്നാൽ ഇപ്പോൾ അവിടെ എത്തീട്ടുണ്ടാവണം. നമുക്കു വീട്ടിലേക്കു പോവ്വാ.

(അവർ പോകുവാൻ ഭാവിക്കുമ്പോൾ രാഘവമേനോൻ പുഞ്ചിരിയിട്ടുകൊണ്ടു പ്രവേശിക്കുന്നു.)

മാ. നാ:—(അത്ഭുതത്തോടുകൂടി) അല്ലാ, നമ്മുടെ സ്നേഹിതനല്ലേ ഇങ്ങോട്ടു തന്നെ വര്ണതു്?

രാഘ. മേ:—ഞാൻ ഇവിടെ വന്നിട്ടു കുറെ നേരമായി. മാലതിയമ്മയുടെ വൎത്തമാനം കേട്ടുനിന്നതുകൊണ്ടു സമയം പോയതറിഞ്ഞില്ല.

അപ്പുകുട്ടൻ:—മാലതിയമ്മ ആളു സരസത്തിയാണ്.

മാ. നാ:—നല്ല സരസത്തിയാണ്. അവൾക്കു രസിക്കാത്ത എന്തെങ്കിലും പറയുമ്പോഴല്ലേ അവളുടെ ശുണ്ഠി കാണേണ്ടതു്?

രാഘ.—മേ:—(പുഞ്ചിരിയിട്ടുകൊണ്ടു്) അതുകൊണ്ടു സരസയല്ലെന്നുണ്ടോ, സ്നേഹിതാ? ഇനി ഒരു ദിവസം ഞാൻ നിങ്ങളൊക്കെയായി വെടി പറയാൻ വരാം. ഇപ്പോൾ പൊവ്വാൻ വൈകി.

അപ്പുകുട്ടൻ:— (ചിരിച്ചുകൊണ്ടു്) മററന്നാളത്തെല്ലേ ആയുള്ളു, മേന്നേ?

മാ. നാ:— ആം. അതെ, അതിന്നിപ്പോൾ തന്നെ ഇത്ര പിടയ്ക്കാനുണ്ടോ?

രാഘ. മേ.— പിടപ്പു് ആർക്കാണു് അധികമുള്ളതെന്നു ഞാൻ പറയുകയും കൂടി വേണോ?

(അപ്പുകുട്ടൻ ഉറക്കെ ചിരിയ്ക്കുന്നു. മാധവൻനായരുടെ മുഖം വിവൎണ്ണമാകുന്നു.)

ആട്ടെ, മാധവൻ നായരേ, നേരംപോക്കു പറയുന്നതു കാൎയ്യമായെടുക്കല്ലെ. എനിയ്ക്കുള്ളതു നിങ്ങൾക്കും ഉള്ളതാണെന്നു വിചാരിച്ചുകൂടെ?

അപ്പുകുട്ടൻ:— അതെ. അതുതന്നെയാണു ഞാനും പറഞ്ഞു സമാധാനിപ്പിച്ചിരുന്നതു്.

രാഘ. മേ:— ഞാൻ എന്റെ സ്നേഹിതനെ ഭംഗിവാക്കു പറഞ്ഞു മയക്കുവാനൊന്നും വിചാരിയ്ക്കുന്നില്ല. കാൎയ്യം സാധിയ്ക്കുമ്പോൾ ഉണ്ടാകുന്ന മയക്കത്തിന്റെ മുമ്പിൽ ഇതിനൊക്കെ എന്തു സാരമാണു് ഉണ്ടാവുക?

മാ. നാ:— ബലെ, ബലെ, ഇതല്ലെ, ബുദ്ധി?

അപ്പുകുട്ടൻ:— ഉള്ളിൽ മധുരംനിറച്ചു സുഖിയൻപോലെയാണു് ഈ പറഞ്ഞ വാക്കുകൾ. അല്ലെ, സ്നേഹിതാ? (മാധവൻനായരുടെ ചുമലിൽ കൈവെയ്ക്കുന്നു.)

മാ. നാ:— പിന്നെ സംശയമുണ്ടോ. ഞാനും രാഘവമേനവനുംകൂടി ഈ പലഹാരം പങ്കിട്ടു തിന്നും. അപ്പുകുട്ടനു വേണ്ടാന്നല്ലെ പറഞ്ഞതു്.

(അപ്പുകുട്ടൻ രാഘവമേനനെ കാട്ടക്കണ്ണിട്ടു നോക്കി ചിരിക്കുന്നു. രാഘവമേനോൻ പുഞ്ചിരിയിടുന്നു.)

രാഘ. മേ:— എന്നാൽ ഞാൻ ഇനി ഇറങ്ങട്ടെ.

മാ. നാ:— (രാഘവമേനോന്റെ കൈപിടിച്ചുകൊണ്ടു്) അപ്പളേയ് ഇനി എന്നാണു്—

രാഘ. മേ:— അവിടെവെച്ചു കാണാമല്ലോ. എന്താ, അന്നു് അങ്ങോട്ടു വരില്ലാ എന്നുണ്ടോ?

മാ. നാ.— വരില്ല്യാന്നോ, കേമായി. അന്നേക്കു ഞാൻ തീൎച്ചയായിട്ടും എത്തില്ല്യേ. അതല്ലാന്നെ— (രാഘവമേനോന്റെ ചെകിട്ടിൽ എന്തോ പതുക്കെ മന്ത്രിക്കുന്നു.)

രാഘ. മേ:— ഓഹോ അതോ? ഈ കടശാരങ്ങളെല്ലാം ഒന്നു തീരട്ടെ. ഞാൻ

ഇങ്ങോട്ടു് ആളെ അയക്കാം. അപ്പോഴം അങ്ങോട്ടൊന്നിറങ്ങിയാൽ മതി. മാലതിയമ്മ ഏല്പിച്ച കാൎയ്യവും ഒക്കെ നിങ്ങൾ വരുമ്പോഴേക്കും ഞാൻ തയ്യാറാക്കാം.

മാ. നാ:—ഓ, ധാരാളം മതി. എന്നാൽ ഇനി അന്നു കാണാം അല്ലെ?

രാഘ. മേ:—അങ്ങിനെയാവട്ടെ. (പോകാൻ ഭാവിക്കുന്നു.)

മാ. നാ:—(രാഘവമേനോന്റെ കൈ പിടിച്ചുകൊണ്ടു്) നില്ക്കുന്നേ. ഞങ്ങളും കൂടിയുണ്ടു്. അപ്പോൾ മറ്റെ കാൎയ്യത്തിനു് എത്രോണ്ടു താമസമുണ്ടാവും എന്നാണു പറഞ്ഞതു്?

രാഘ. മേ:—ഏയ്. ഒട്ടും താമസമില്ല. പൂടമുറി കഴിഞ്ഞതിന്റെ പിറ്റെ ദിവസംതന്നെ നേരെയാക്കാമല്ലോ.

അപ്പുകുട്ടൻ:—അതൊക്കെ നേരെ ആവാതിരിയ്ക്കില്ല്യന്നെ. നേരെ ആവാതിരിയ്ക്കില്ല്യ. തല്ക്കാലം ഇപ്പോൾ നമുക്കു പൂവ്വാം.

(അവർ കൈ കോൎത്തുപിടിച്ചു പോകുന്നു.)

## രംഗം ൪.

സ്ഥലം—മാലതിയുടെ വീടിന്റെ പൂമുഖം.

സമയം—വൈകുന്നേരം അഞ്ചുമണി.

മാലതി:—ഇനിയും എന്താണു് ചുററിപ്പററിക്കൂടുന്നതു്? വേഗം പൊയ്ക്കൂടെ?

മാ. നാ:—ആ വാലിയക്കാരൻ ചെക്കനെ അയയ്ക്കാമെന്നു പറഞ്ഞുവല്ലൊ. പറഞ്ഞ സമയത്തിനു മുമ്പു് അവിടെ ചാടിവീണു് അലൌഗ്ര്യമാവണ്ട എന്നു വിചാരിച്ചാണു്.

മാലതി:—മൂപ്പരിപ്പോൾ സരസസല്ലാപത്തിൽ മുഴുകി ഇരിയ്ക്കാവും. കഷ്ടം! ആ പാൽക്കാരന്റെ ശകാരങ്ങളൊക്കെ കേട്ടിട്ടും ഇങ്ങനെയാണല്ലൊ തോന്നുന്നതു്. വേഗം പോകുന്നോ കടന്നു്.

മാ. നാ:—(അല്പം ക്രുദ്ധനായി) അവിടെ എത്താൻ നിന്നെക്കാൾ അധികം തിടുക്കം എനിയ്ക്കുണ്ടെടി പെണ്ണേ. മിണ്ടാതെ അവിടെ ഇരുന്നോ.

മാലതി:—(കോമളസ്വരത്തിൽ) കുഡുംബകാൎയ്യങ്ങളാലോചിച്ചല്ലെ ഞാൻ ഇങ്ങിനെയെല്ലാം പറഞ്ഞതു്? ഇതിന്നിത്രയൊക്കെ ശുണ്ഠിയെടുത്താലോ?

(മാലതി സസ്നേഹം മാധവൻനായരുടെ കൈപിടിയ്ക്കുന്നു.

അപ്പോഠം പത്തു വയസ്സായ ഒരു വാലിയക്കാരൻ ചെക്കൻ അകത്തേയ്ക്കു വരുന്നതു കണ്ടു് കൈ വിടുന്നു.)

മാ. നാ:—(ചെക്കനോടു്) എന്താ വന്നതു്? രാഘവമേനോൻ വല്ലതും പറഞ്ഞയച്ചിട്ടുണ്ടോ?

ചെക്കൻ:—ഒരെഴുത്തു തന്നയച്ചിട്ടുണ്ടു് എജമാനൻ. (എഴുത്തു കൊടുക്കുന്നു)

മാ. നാ.—(ചെക്കനോടു്) ഉം, പൊയ്ക്കോ. (ചെക്കൻ പോകുന്നു. മാധവൻനായർ എഴുത്തു നോക്കുന്നു. എഴുത്തിലെ ഓരോ വാചകം വായിക്കുന്തോറും അയാളുടെ മുഖം പ്രസന്നമായി വരുന്നതു മാലതി സൂക്ഷിച്ചു മനസ്സിലാക്കുന്നു. എഴുത്തു വായിച്ചു കഴിഞ്ഞ ഉടനെ അയാഠം അതു മടക്കി മടിയിൽ തിരുകുന്നു.)

മാലതി:—എന്താണു് ഉറക്കെ വായിക്കാത്തതു്? ഞാനുംകൂടി ഒന്നു കേഠക്കട്ടെ. എന്തെല്ലാമാണു് എഴുതിയിരിക്കണെ്?

മാ. നാ:—ഒന്നുമില്യ. ഇന്നു രാത്രിയിലേയ്ക്കു് അങ്ങോട്ടു ചെല്ലാൻ എഴുതിട്ടുണ്ടു്. അപ്പോഠം പണവും തന്നയയ്ക്കാമെന്നും എഴുതിട്ടുണ്ടു്.

മാലതി:—രാഘവമേനോൻ ലീലയേയുംകൊണ്ടു് അടുത്തുതന്നെ പോകുന്ന കാൎയ്യം എഴുതീട്ടുണ്ടോ? നോക്കട്ടെ എഴുത്തു്. (എഴുത്തു വാങ്ങുവാൻ അടുക്കുന്നു.)

മാ. നാ:—(ഒഴിഞ്ഞുമാറിക്കൊണ്ടു്) എയ്, രാഘവമേനോൻ എങ്ങോട്ടും പോകുന്നില്ല. നിനക്കു ഭ്രാന്താണു്.

മാലതി:—ഉവ്വ്; എന്നോടു പോകുന്നുണ്ടെന്നല്ലേ പറഞ്ഞതു്. ആ എഴുത്തിങ്ങോട്ടു തരൂന്നെ. ഞാനൊന്നു നോക്കട്ടെ (അവഠം വീണ്ടും മാധവൻനായരോടു് അടുക്കുന്നു. മാധവൻനായർ ഒഴിഞ്ഞുമാറുന്നു.)

മാലതി:—(അടുത്തേയ്ക്കു വന്നുകൊണ്ടു്) ആ എഴുത്തു് ഇങ്ങോട്ടു തരുവാൻ പറഞ്ഞില്ലേ?

മാ. നാ:—എയ്, അതു സാധിക്കില്ല. ഇതൊരു സ്വകാൎയ്യക്കത്താണു്. (മാലതി വീണ്ടും അയാളെ പിടികൂടുവാൻ ഭാവിയ്ക്കുന്നു. അയാഠം ചിരിച്ചുകൊണ്ടു് അവിടെനിന്നും ഓടിപ്പോകുന്നു. ഓട്ടത്തിനിടയിൽ എഴുത്തു് താഴെ വീഴുന്നതു് അറിയുന്നില്ല. മാലതി എഴുത്തെടുത്തു വായിക്കുന്നു.)

"പ്രിയ സ്നേഹിതാ,

ഭാഗ്യംകൊണ്ടു് എല്ലാം വേണ്ടതുപോലെ കഴിഞ്ഞുകൂടി. നിങ്ങളോടുള്ള നന്ദി ഞാൻ എങ്ങിനെയാണു് കാണിക്കേണ്ടതു്? എന്തു ത

ന്നാലും എനിയ്ക്കു തൃപ്തിവരുന്നതല്ല. ഇന്നു വൈകുന്നേരംതന്നെ ഇങ്ങോട്ടു വന്നു വേണ്ടതെല്ലാം എടുക്കുകയും ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യാൽ വളരെ സന്തോഷമാകുമായിരുന്നു. ലീല എത്ര ഉത്സാഹത്തോടുകൂടിയാണു നിങ്ങളെ കാത്തിരിക്കുന്നതെന്നു് അറിയാമോ? നിങ്ങളോടു് അവൾ അന്നു് അത്ര ആലോചിയ്ക്കാതെ ചെയ്ത മര്യാദകേടിന്നു് അവൾ പ്രത്യേകം മാപ്പുചോദിക്കുന്നു. ഇനി ഞാൻ ഒരു കാര്യംകൂടി പറയട്ടെ. ലീലയ്ക്കു വാസ്തവത്തിൽ എന്നേക്കാൾ അധികം അനുരാഗം നിങ്ങളെയാണെന്നുകൂടി പറയുന്നു. നാണംകൊണ്ടു് അവൾക്കു് അതു് ഇത്രനാളും പുറത്തേയ്ക്കു കാണിക്കുവാൻ തരമായില്ലെന്നാണു പറയുന്നതു്. വേഗം ചമഞ്ഞു് ഇങ്ങോട്ടു പുറപ്പെടൂ. അത്താഴം ഇന്നു് ഇവിടെയാകാം.

മാലതിയമ്മയുടെ കാര്യവും എത്രവേണമെന്നു വെച്ചാൽ ഞാൻ തന്നുകൊള്ളാം. അതു് അവരോടു ചോദിച്ചറിഞ്ഞു വേഗം പുറപ്പെടൂ."

എന്നു്, പ്രിയസ്നേഹിതൻ രാഘവമേനോൻ.

മാലതി:—(ചുകന്ന കണ്ണുകളോടും വിറയ്ക്കുന്ന ചുണ്ടുകളോടുംകൂടി എഴുത്തു ചീന്തിക്കൊണ്ടു) കുരങ്ങൻ, ആഭാസൻ, ചെററ. ഇപ്പോൾതന്നെ തടഞ്ഞുനിർത്തിയില്ലെങ്കിൽ അങ്ങോട്ടു കടന്നുപോകാതിരിക്കയില്ല. തെണ്ടി (ദ്വേഷ്യത്തോടുകൂടി ആ കടലാസ്സുകഷണങ്ങൾ ഒരു മൂക്കിലേയ്ക്കു വലിച്ചെറിഞ്ഞു് അവിടേനിന്നും പോകുന്നു; മറുഭാഗത്തുകൂടെ പ്രവേശിക്കുന്നു.)

എവിടേയും കാണാനില്ല. പോയിയെന്നാണു തോന്നുന്നതു്, തെണ്ടാൻ. കഴവേറി.

(പല്ലുകടിച്ചു് അങ്ങോട്ടും ഇങ്ങോട്ടും ലാത്തുന്നു.)

(കർട്ടൻ)

## രംഗം ൫.

സ്ഥലം— രാഘവമേനോൻെറ വീട്ടു്.

സമയം— രാത്രി 8 മണി കഴിഞ്ഞു്.

(രാഘവമേനോനും അപ്പുകുട്ടനും പൂമുഖത്തു് ഇരുന്നു സംസാരിക്കുന്നു.)

അപ്പുകുട്ടൻ:— ആരൊ പടി തുറന്നു എന്നു തോന്നുന്നു.

രാഘ. മേ:— (ചിരിച്ചുകൊണ്ടു്) എന്നാൽ വേഗം എതിരേല്ക്കുവാൻ തയ്യാറായിക്കോളൂ.

(മാധവൻ നായർ സില്ക്കുഷർട്ടും കസവുവേഷ്ടിയും ധരിച്ചു പ്രവേശിക്കുന്നു. അയാളുടെ ദേഹത്തിൽനിന്നും ഒരു ദിവ്യപരിമളം ചുററുപാടും വ്യാപിക്കുന്നു. അപ്പുക്കുട്ടനും രാഘവമേനോനും അയാളുടെ ഓരോ കൈ പിടിച്ച് ഒരകത്തിന്റെ ഉമ്മറത്തേയ്ക്കു കൊണ്ടുപോകുന്നു.)

മാ. നാ:— എന്താ സുഖം തന്നെയല്ലെ സ്നേഹിതന്മാരെ എല്ലാവൎക്കും?

അപ്പുക്കുട്ടൻ:— ഓഹൊ.

രാഘ. മേ:— പക്ഷെ ലീലക്കു മാത്രം—

മാ. നാ:— (പരിഭ്രമിച്ചുകൊണ്ട്) അയ്യോ, അവൾക്കു ദീനമാണെന്നോ? എന്നാൽ കഷ്ടമായി. എന്താണ് ദീനം?

രാഘ. മേ:— പനിയും തലവേദനയുമായി കിടപ്പാണ്. അങ്ങോട്ടു ചെല്ലാം. ഇത്ര നേരവും ഉറങ്ങാതെ കാത്തിരിക്കുകയായിരുന്നു.

(മാധവൻനായർ അകത്തേയ്ക്കു കടക്കുന്നു. കട്ടിലിൽ മൂടിപ്പുതച്ചു കിടക്കുന്ന ലീലയുടെ അടുത്തേക്കു സംഭ്രാന്തനായി ചെല്ലുന്നു. അപ്പോൾ അപ്പുക്കുട്ടൻ ചെന്ന് താഴ്ത്തിവെച്ചിരുന്ന മേശവിളക്ക് നീട്ടുവാൻ ഭാവിക്കുന്നു. പക്ഷെ വിളക്കു നീട്ടുന്നതിനുപകരം അയാൾ അതു കെടുത്തുന്നു.)

അപ്പുക്കുട്ടൻ:— അയ്യോ. ഈ വിളക്കു കെട്ടുവല്ലോ സ്നേഹിതാ?

മാ. നാ:— അല്ലാ, വിളക്കു കെട്ടുവൊ? ദേതുകൊണ്ട് തരക്കേടൊന്നുമില്ല. ഈശ്വരനുംകൂടി എനിക്ക് സമ്മതം തരുന്നു എന്നല്ലെ അതിന്റെ സാരം?

രാഘ. മേ:— പിന്നെ, സംശയിക്കാനില്ലല്ലോ. പക്ഷെ, അവൾക്ക് നല്ല സുഖമില്ല. അതോൎത്തിട്ടു വേണേ.

(രാഘവമേനോനും അപ്പുക്കുട്ടനും പുറത്തേക്കു കടക്കുന്നു. മാധവൻ നായരുടെ "ലീലെ ലീലെ" എന്നുള്ള വിളി വളരെ കോമളസ്വരത്തിൽ കേൾക്കുന്നു. അതോടുകൂടി ഒരു നായയുടെ ഗംഭീരമായ കുരയും മേശയും മേശവിളക്കുംകൂടി മറിഞ്ഞുവീണ് ചിമ്മിണി തവിടുപൊടയാകുന്ന ശബ്ദവും കേൾക്കുന്നു. "അയ്യോ, അയ്യോ," എന്നു മാധവൻ നായർ നിലവിളിക്കുന്നു. ഒരു വാലിയക്കാരൻ വിളക്കുംകൊണ്ടു പ്രവേശിക്കുന്നു. പരിഭ്രാന്തനായ മാധവൻനായർ പിടച്ചെഴുന്നേററു മുമ്പിലും നായ പിന്നാലെയും ഓടുന്നു. അപ്പോൾ പടിക്കൽനിന്നും ഒരു കാറു പോകുന്ന ശബ്ദം കേൾക്കുന്നു. മാധവൻനായർ "അയ്യോ ചതിച്ചെടാ" എന്നു പറഞ്ഞു വീണ്ടും സ്റേറജിൽ പ്രവേശിക്കുന്നു. പിന്നാലെ നായയും ഉണ്ട്. ഇതു കണ്ടു പരിഭ്രമിച്ചു മറിഞ്ഞുവീഴുന്ന മാധവൻനായരുടെ കാലിൽ നായ കടിക്കുവാൻ ഭാവിക്കുന്നു. അപ്പോൾ വാലിയക്കാരൻ വിളക്കുംകൊണ്ടു പ്രവേശിക്കുന്നു. അയാൾ നായയുടെ ചങ്ങലപിടിച്ച് അതിനെ കൊണ്ടുപോകുന്നു.)

---

# മുസോളിനി.

—കല്ലുങ്കൽ ലക്ഷ്മിക്കുട്ടിയമ്മ.

I

വരാനൊഡികോസ്റ്റായിൽ ഉള്ള രാമണീയകമായ ഒരു കുന്നിൻപുറത്തെ ചെററക്കുടിലിൽ ൧൮൮൩-ജൂലായി 29-ാംതിയതി ഞായറാഴ്ച രണ്ടുമണിക്കാണ് ബെനിറെറാ മുസ്സോലിനി ഭൂജാതനായതു്. അച്ഛൻ ഒരു കൊല്ലനായിരുന്നു. അന്നു ദാരിദ്ര്യം അനുഭവിക്കുന്നതിൽ ഒന്നാമത്തെ നില ആയിരുന്നു അദ്ദേഹത്തിൻെറ കുടുംബത്തിനുണ്ടായിരുന്നതു്. ഒരു മാതൃകാവനിതയായിരുന്ന മാതാവിൻെറ സുശിക്ഷണത്തിൽ അദ്ദേഹം വളൎന്നുവന്നു. വിദ്യാഭ്യാസവിഷയത്തിലും മാതാവിനായിരുന്നു കൂടുതൽ പ്രാരബ്ധാദികൾ അനുഭവിക്കേണ്ടി വന്നിട്ടുള്ളതു്. ഇത്ര കുസൃതിക്കാരനായ ഒരു കൊച്ചൻ അന്നു ആ ദിക്കിൽ ഉണ്ടായിരുന്നില്ല. ഇക്കാൎയ്യത്തിൽ അമ്മയുടെ അസഹനീയമായ ശിക്ഷയിൽനിന്നും അദ്ദേഹം അയൽക്കാരേയും മുത്തശ്ശിയേയും അഭയം പ്രാപിക്കേണ്ടിവന്നിട്ടുണ്ടു്. വളൎന്നുവരുന്തോറും കറുത്തിരുണ്ട തലമുടിയും സുദീൎഘങ്ങളായ ബാഹുക്കളും ആരേയും അസൂയാലുക്കളാക്കിത്തന്നെ തീൎത്തിട്ടുണ്ടായിരുന്നു. ദുസ്വഭാവത്താൽ സകല സഹചാരികളും അദ്ദേഹത്തിൻെറ വിരോധികളായിരുന്നു. പൌരുഷം കളിയാടുന്ന ധീരോദാത്തത നിമിത്തം അദ്ദേഹത്തിനെ ആക്കും കൈവെയ്ക്കുവാൻ സാധിച്ചിട്ടില്ല. പണത്തെ സംബന്ധിച്ചു് ആ ബാലനു് ഒരു വിധത്തിലും ആശയുണ്ടായിരുന്നില്ല. അപകടസ്ഥലത്തേക്കും ആപൽസന്ധിയിലേക്കുമേ അദ്ദേഹത്തിൻെറ പ്രയാണം ഉണ്ടായിരുന്നുള്ളു. സ്വേഛാപ്രഭുക്കളുടെ പരമാനന്ദത്തിലായിരുന്നു അദ്ദേഹത്തിനു വെറുപ്പുണ്ടായിരുന്നതു്. പൊതുക്കാൎയ്യങ്ങളെപ്പററിയുള്ള വാദപ്രതിവാദത്തിൽ അദ്ദേഹത്തിനു് ഒരു മൎക്കടമുഷ്ടിതന്നെയുണ്ടായിരുന്നു. ശാന്തമനസ്സായെങ്കിലും ബുദ്ധിശാലിനിയും ദൃഢമനസ്സയും ആയ മാതാവു് പുത്രൻെറ കുസൃതിത്തരത്തെക്കുറിച്ചു പലപ്പോഴും മനസ്താപിക്കയും കഠിനശിക്ഷകൾതന്നെ നല്കയും ചെയ്തിട്ടുണ്ടു്. സന്തോഷസമ്പൂൎണ്ണങ്ങളായ സൌഭാഗ്യാവസരങ്ങൾക്കു് ഇട കൊടുത്തിരുന്നുവെങ്കിലും മുസോലിനിയുടെ പോക്കു് ആപൽഘട്ടങ്ങളിലേക്കായിരുന്നു. അദ്ദേഹം ക്ഷുൽപിപാസാദികളാൽ പലപ്പോഴും സങ്കടപ്പെട്ടിട്ടുണ്ടെങ്കിലും സ്നേഹിതന്മാരെ സമ്പാ

ദിക്കുന്നതിനോ പരാന്നഭുക്തിയിൽ പ്രതിപത്തി ഉണ്ടാകുന്നതിനോ ഇടയായിട്ടില്ല.

കൌമാരാവസ്ഥ കഴിയുന്നതിനുമുമ്പുതന്നെ മുസ്സോളിനിക്കു് കാലയാപനത്തെ തേടി ദിക്കു് വിടേണ്ടിവന്നു. ആ യാത്രയിൽ പലദിക്കിലും അലഞ്ഞുതിരിഞ്ഞു് അദ്ദേഹം കട്ടവിൽ ഒരു സൈനികാപാഠശാലയിൽ ചെന്നുചേർന്നു. കാലക്രമേണ അവിടുത്തെ ക്യാപ്റ്റനു് അദ്ദേഹത്തിൽ പുത്രവാത്സല്യത്തോടുകൂടിയ അനുകമ്പ ഉണ്ടാകുന്നതിനിടയായി. അക്കാലത്താണു് അദ്ദേഹം അമ്മയുടെ അകാലവിയോഗദുഃഖം അനുഭവിക്കുന്നതിനിടവന്നതു്. അതോടുകൂടി അദ്ദേഹത്തിന്റെ ആത്മീയശക്തിയും മനസ്സാന്നിദ്ധ്യവും ബുദ്ധിസാമൎത്ഥ്യവും തത്വചിന്തകളും കുറേനാളത്തേക്കു അദ്ദേഹത്തെ വിട്ടുപിരിയേണ്ടിവന്നു. അതിന്റെ ശേഷം അനിയന്ത്രിതമായ പ്രവൃത്തികുശലതയും അനിതരസാധാരണമായ ഉന്മേഷപ്രകൎഷവും സഹജങ്ങളായ സ്വഭാവവിശേഷങ്ങളായി അദ്ദേഹത്തിൽ തെളിഞ്ഞുകാണുവാൻ തുടങ്ങി. അതോടുകൂടി സ്വാൎത്ഥമാത്രപ്രസക്തിയുടെ പിടിയിൽനിന്നും ജനങ്ങളെ വേർപ്പെടുത്തി അഭ്യുദയത്തിനു മാർഗ്ഗമായ സരണിയിൽകൂടി മുന്നോട്ടു നയിക്കുന്ന പ്രയാസമേറിയ പ്രവൃത്തിയിൽ അദ്ദേഹം ഉൾപ്പെട്ടു. നിന്ദ്യമായ സ്വാൎത്ഥതാപൂരണത്തിനായി അതാതു പരിതസ്ഥിതികൾക്കു തക്കവണ്ണം സകല ജീവിതസിദ്ധാന്തങ്ങളേയും ഒരുക്കിവെച്ചു ലോകഗതിക്കു തക്കവണ്ണം ഉത്തമങ്ങളായ സിദ്ധാന്തങ്ങളേയും ഉചിതങ്ങളായ ക്രിയാപദ്ധതികളേയും നടപ്പാക്കി നിസ്വാൎത്ഥമായി പ്രവൎത്തിച്ചു വിജയം പ്രാപിക്കുന്നതിനു് ഒരുമ്പെട്ടു. സ്വന്തപരിശ്രമംകൊണ്ടും മേധാശക്തികൊണ്ടും സ്വദേശാഭിമാനംകൊണ്ടും അത്യുന്നതമായ പദവിയെ പ്രാപിച്ച മുസോലിനി നെപ്പോളിയൻ, ജോവാൻ അഫ് ആർക്, ടോൾസ്റ്റോയി മുതലായ വീരപുരുഷന്മാരുടെ മുന്നിൽതന്നെ നിന്നു ശോഭിക്കുന്നുണ്ടു്. പ്രത്യേകചിന്താഗതികളുടേയും ദേശാഭിമാനക്കുന്നുകളുടേയും മുകളിലേക്കു പാഞ്ഞുകയറിയിട്ടുള്ള മേധാവെന്ന നിലയിൽ സമസ്തലോകത്തിന്റേയും ബഹുമാനാദരാദികളെ സമാൎജ്ജിച്ചിരിക്കുന്നതിൽ ആൎക്കാണു് അത്ഭുതാനന്ദമുണ്ടാകാത്തതു്. രാഷ്ട്രീയജീവിതത്തിലെ സത്യസന്ധന്മാർ ആത്മവിശ്വാസമുള്ളവരും സ്വാൎത്ഥരഹിതന്മാരും ആയിരിക്കണം. അവൎക്കു സമസൃഷ്ടങ്ങളോടു് ആദരവും ബഹുമാനവും ഉണ്ടായിരിക്കണം. നിന്ദയോ വിമൎശനമോ മുഖസ്തുതിയോ അടിമത്വസമ്മതങ്ങളോ പ്രസ്തുത ഗുണങ്ങളെ ബാധിക്കാൻ ഇടവരരുതു്. സാന്മാർഗ്ഗിക

ബോധം അജയ്യമാണ്. ഇവകളാണ് അദ്ദേഹത്തിന്റെ പ്രധാന ചൊല്ലിയാട്ടങ്ങൾ. നാം അദ്ദേഹത്തെ എങ്ങിനെയെല്ലാം കരുതിയാലും ഒരു പുതിയ കാര്യപരിപാടിയാണ് അദ്ദേഹം ലോകസമക്ഷം സമർപ്പിച്ചിരിക്കുന്നതെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. അതു തത്വത്തിലെന്നപോലെ പ്രയോഗത്തിലും ഏററവും വിജയപര്യവസായി ആണെന്നദ്ദേഹം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ഇതാണ് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽനിന്നു നമുക്കു കിട്ടുന്ന ഒരറിവ്. ഒരു രാജ്യത്തെ ഭംഗിയായി ഭരിക്കുന്ന ഒരാളെ ഭരണതന്ത്രജ്ഞൻ എന്നു തന്നെ പറയാം. എന്നാൽ ഒരു പുതിയ രാജ്യത്തെ സൃഷ്ടിച്ചു ഭരണയന്ത്രത്തെ രൂപീകരിച്ചു ഭംഗിയായി ഭരിക്കുന്നു എങ്കിൽ ആ ബഹുമാന്യനെക്കുറിച്ചു നാം എന്താണു പറയേണ്ടതെന്നാലോചിക്കുക. അനിയന്ത്രിതമായ പ്രവൃത്തികുശലതയും അനിതരസാധാരണമായ ഉന്മേഷപ്രകർഷവും ഒത്തു ഭരണയന്ത്രം നടത്തുന്ന ഒരാളിന്റെ നേതൃത്വം സന്തോഷാവഹവും അഭിമാനഹേതുകവും ആയിട്ടാണ് ആരും കരുതുന്നതു്. ഇന്ന് ഇററലിയുടെ സൌഭാഗ്യജീവിതത്തിൽ ഒന്ന് അതുതന്നെയാണ്. അവിചാരിതമായ ആനന്ദാനുഭൂതിയാണ് അവർ ഇന്നു അനുഭവിച്ചുകൊണ്ടിരിക്കുന്നതു്. ദുസ്സഹമായ സ്വേച്ഛാധിപത്യത്തിലോ അസാധാരണമായ അടിച്ചമർത്തലിലോ ഞെരുക്കത്തിലോ അല്ലാ ഇന്നവർ കാലം കഴിച്ചുകൂട്ടുന്നതു്. അനുസരിക്കുവാനല്ല ആജ്ഞാപിക്കുവാനാണു ശക്തിയുള്ളതെന്നു് അദ്ദേഹം കാണിച്ചിരിക്കുന്നു. ആ മനുഷ്യനെക്കുറിച്ചു "മരമണ്ടൻ" എന്നു പ്രസ്താവിച്ചുപോയ കേഴ്സൺ പ്രഭു പിന്നീടെന്തു മാത്രം പശ്ചാത്താപപ്പെട്ടിരിക്കാം. ഇററലിക്കാരെ കൂടാതെ ഇന്നു ലോകചരിത്രം സങ്കല്പിക്കുവാൻ പോലും അസാദ്ധ്യമാകത്തക്കവണ്ണം ആക്കിത്തീർത്ത മുസോലിനിയെപ്പററി ഇനി എന്താണു പറയേണ്ടതു്.

# വാസന്തിക.

(വഞ്ചിപ്പാട്ട്)

—വി. എൻ. എം.

ആരാമത്തിലവിരളം വിളയാടും ലതകളെ
സരോജനാഥനാം ദേവൻ സരാഗം പുൽകി
മഞ്ജുളമാം കുഡ്മളത്തിൽ മഞ്ഞുതുള്ളി മാണിക്യാഭ
മന്ദമന്ദം പരത്തുന്നു സന്ദേഹം വിനാ.
തൂമരന്ദമേന്തും മലർനിരകളാം പ്രകൃതിതൻ
തൂമ ചേർക്കും പാനപാത്രമാമോദമോടെ
പല്ലവങ്ങളായിടുന്ന കയ്ത്താരികളേന്തി മുററം
സല്ലീലം നിൽക്കുന്നു ചില ശാഖിവൃന്ദങ്ങൾ
വാരുററ വസന്തത്തിന്റെ ചേടികളാം പൂച്ചെടികൾ
കോരകദന്തങ്ങൾ കാട്ടി സുസ്മിതം ചെയ്വൂ.
കാലത്തിന്റെ വത്സയാകും വത്സരമേ! ലോലമാം പൂ-
ക്കാലമാകും താരുണ്യത്തിൽ നീയെത്തിയല്ലോ:
കോരകമാം കൊങ്കത്തടം കിസലയപട്ടാൽ മൂടി
സാരമായ് പുഞ്ചിരി തൂകി കുഞ്ചിതാസ്യയായ്
ഫുല്ലാബ്ജങ്ങളായിടുന്ന കൈകലേസുകൊണ്ടോമനമുഖം
സല്ലീലമായ് മെല്ലെ മെല്ലെത്തുടച്ചുകൊണ്ടും
ചാരത്തൊഴുകീടും ചെറുവാഹിനിക്കണ്ണാടി നോക്കി
പാരം മോദാൽ നിന്നീടുന്നു നീയോമലാളെ!
തൈത്തെന്നലീയുദന്തത്തെ പരത്തുവാനുത്സുകനായ്
ചിത്തമോദാൽ ചരിക്കുന്നിതത്തെയൗവ്വിലെങ്ങും
കൌതുഹലം പൂണ്ടുകൊണ്ടാ നൽവസന്തം വസുന്ധരാ-
തന്നുപരിഭാഗം തന്റെ നൃത്തഭൂവാക്കി
കണ്ണും കരൾക്കാമ്പുമൊപ്പം കുളുർപ്പിച്ചു ലസിക്കയായ്
സന്തതമാം മധുമാസമെത്ര മോഹനം!

---

# ജ്യോതിശ്ശാസ്ത്രം.

—പണ്ഡിതർ, കരുവേലി രാമൻമേനോൻ.

ലോകത്തിന്റെ ആദിമകാലം മുതല്ക്കുതന്നെ ചാതുർവ്വർണ്യത്തിന്റെ സഹജീവിയെന്നോണം നിത്യനിർമ്മലവും നിഗമനിവേദകവുമായ അനുശാസനങ്ങളെക്കൊണ്ടു നിഷ്കണ്ടകനായ നിയമജ്ഞന്റെ മുമ്പിൽ നീതിന്യായങ്ങളെ നിയമകോടികളിൽനിന്നും നിർവ്വചിച്ച് യുക്തിയുക്തമായ വാദമുഖങ്ങളിലൂടെ വിതരണം ചെയ്യുന്ന ഒരു വിശിഷ്ടവിഷയമാണ് "ശാസ്ത്രം." അതിന്റെ ഭാവനാശക്തി—അതെ, അതിന്റെ ഭാസുരമായ ഭരണശക്തി—ഭൗതികതത്വത്തിന്റെ മൗലികാദർശങ്ങളെ പുരസ്കരിച്ച്, ഭാർഗ്ഗവക്ഷേത്രത്തിന്റെ ഭാവുകത്തിന് എത്രമാത്രം ഭാരവാഹിയായിരുന്നു എന്നുള്ളതു് പരക്കെസ്സമ്മതമായ പരമാർത്ഥമാണ്.

ഹൈന്ദവശാസ്ത്രത്തിന്റെ ആദർശപുരുഷന്മാരായ പാണിനി, ഗർഗ്ഗ, ഗൗതമാദി മഹർഷിവരന്മാരിൽനിന്നും ശിഷ്യപരമ്പരയാ പ്രചരിച്ചുപോന്ന അതിന്റെ ഗോപ്രസരപ്രഭാതാരള്യത്താൽ ലോകാന്തരീക്ഷത്തിൽ നവ്യസൌരപ്രകാശം പരത്തിയിരുന്ന ഒരു കാലം ഉണ്ടായിരുന്നു. അതായിരുന്നു, ഈ പുണ്യക്ഷേത്രത്തിന്റെ ഇന്നത്തെ പുണ്യാദർശം. എന്നാൽ വാച്യവിഷയത്തിൽ വാചായമത്വം വന്നുകൂടിയ അതിന്റെ നിലയ്ക്ക് ഇത്രമാത്രം അധഃപതനം സംഭവിച്ചതു പാശ്ചാത്യപരിഷ്കാരമാകുന്ന കാർമേഘപടലങ്ങളുടെ അക്രമമായ ആക്രമണം നിമിത്തമുണ്ടായ അത്യാഹിതത്താലൊ അതിന്റെ ഗർജ്ജനത്താൽ ജർജ്ജരിതമായ ശ്രുതിപഥത്തിലേക്ക് ഇതിന്റെ ദീനരോദനത്തിനു് അനുവാദാവകാശങ്ങളുടെ അഭാവത്തിലൊ ആയിരിക്കാമെന്നു വേദിയന്മാർ വ്യാഖ്യാനിക്കുമെങ്കിൽ അതു മുഖം മോശമായ ദോഷം മുകുരത്തിൽ ആരോപിക്കുന്നതുപോലെ നിരർത്ഥകമാകുവാനേ തരമുള്ളു. എന്തുകൊണ്ടെന്നാൽ, പാശ്ചാത്യരോ പാശ്ചാത്യഭാഷയോ പാശ്ചാത്യപരിഷ്കാരമോ മാതൃഭാഷയേയോ പൈതൃകാദർശങ്ങളെയോ പൌരാണികശാസ്ത്രങ്ങളേയോ ബഹിഷ്കരിക്കുവാനോ അപലപിക്കുവാനോ നമ്മോട്ട് ആദേശിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യുന്നില്ല. നാം പരദാരപരിരംഭണപരിലോലുപന്മാരായി പരിപാവനമായ പരംപൊരുളിനെ പരി

ത്യജിച്ചു. മെച്ചമേറിയ മതധർമ്മത്തെ തുച്ഛമായ ഇച്ഛകൾ കച്ചവടം ചെയ്തുപോയി. നാമതിന്റെ മഹിമയെ മനസ്സിലാക്കിയില്ല. നേരെ മറിച്ചു മതനിഷ്ഠയുള്ള അവരോ? ആ വക തത്വങ്ങളുടെ സൂക്ഷ്മസാരങ്ങളെക്കൊണ്ടു മോടിപിടിപ്പിച്ച് അവരുടെ ഭാഷാഭണ്ഡാഗാരത്തെ പോഷിപ്പിച്ചു. മഹിമയേറിയ മതഗ്രന്ഥങ്ങളെ മറയത്തു തള്ളിയ നാം മതംമാററിയ ആ തത്വങ്ങൾക്കു തന്നെ അടിമപ്പെടേണ്ടിവന്നു. അപ്രകാരമുള്ള കൃതഘ്നത ഒന്നുമാത്രമാണ് ശാസ്ത്രജിജ്ഞാസയിൽ നമ്മെ വിമുഖരാക്കിത്തീർത്തിട്ടുള്ളതു്.

ആ ദൈവീകതത്വം ആഗമമാകുന്ന അരചന്റെ നിലയിലും ശാസ്ത്രമാകുന്ന ശ്രോത്രിയന്റെ നിലയിലും സാഹിത്യമാകുന്ന സഹധർമ്മിണിയെന്ന നിലയിലും നമുക്കു സ്വാഗതം ചെയ്തിരുന്നു. പക്ഷെ നാം അതിനെ ഭയങ്കരമായ ഈററപ്പാമ്പിനെപ്പോലെ ഭയപ്പെട്ടിരുന്നു. ആയതു അന്യദോഷമെന്നു പറയുന്ന അനൌചിത്യത്തെ അനുസ്മരിപ്പിക്കയാണ് ചെയ്യുന്നതു്. വിശേഷിച്ചു കാലദേശാവസ്ഥകൾക്കനുരൂപമായി ലോകത്തിൽ നാനാമുഖങ്ങളായി സംഭവിക്കാവുന്ന ഉൽക്കർഷത്തേയോ ഉൽപതിഷ്ണുതയേയോ അപ്രാചീനന്മാരുടെ ജ്ഞാനചക്ഷുസ്സുകൾ ഗവേഷണം ചെയ്യാതിരുന്നിട്ടില്ലെന്നും അവരിലല്പമെങ്കിലും ഉല്പതിഷ്ണുത്വം ഉല്പന്നമായിരുന്നില്ലെന്നും തീർത്തു പറയാൻ ആരും ധൈര്യപ്പെട്ടുമെന്നു തോന്നുന്നില്ല.

ആ വക അഭിപ്രായങ്ങളെപ്പററി ഒന്നുകൂടി പരാമർശിച്ചുനോക്കിയാൽ ഇനിയൊരാശങ്കക്കവകാശമുണ്ടെങ്കിൽ അയതു വേദശാസ്ത്രേതിഹാസാദികൾ വേദവിത്തമന്മാരെന്നുള്ള അഭിമാനമുദ്രയാൽ അറിയപ്പെടുന്ന കേരളബ്രാഹ്മണരുടെ ഒരു പൈതൃകസ്വത്തെന്ന നിലയിൽ കൈകാര്യകർത്തൃത്വം ചെയ്തുപോന്നിരുന്നു എന്നും ജാതിമതാചാരങ്ങളുടെ പരിധിക്കുള്ളിൽ പരിച്ഛേദപുരസ്സരം അതുകൾ പരിരക്ഷിതങ്ങളായിരുന്നു എന്നും തന്നിമിത്തം നാം അനർഹരായിരുന്നു എന്നുമുള്ളതാണ്.

യഥാർത്ഥം ആലോചിക്കുന്നതായാൽ അക്കാര്യത്തിൽ അവരും കുററവാളികളാണെന്നു തെളിയുന്നില്ല. കാരണം, കേരളബ്രാഹ്മണരിൽ ഇതിന്റെ മേൽക്കോയ്മസ്ഥാനം അടിയുറവാകുന്നതിനു് എത്രയോ മുമ്പുതന്നെ ഇതരസമുദായങ്ങൾ ബാഹ്യപരിഷ്കാരങ്ങൾക്കു അവിധേയന്മാരായിരുന്നെങ്കിലും വേദാദി വിവിധതത്വങ്ങളിൽ ഒട്ടുംതന്നെ അപ്രധാനമല്ലാത്തനിലയിൽ എത്തിയിരുന്നു എന്നും അവർ അതുകളെ പരമോച്ചത്തിൽ എത്തിച്ചി

രുന്നു എന്നും ഉള്ളതിനു പല ദൃഷ്ടാന്തങ്ങളുമുണ്ട്. അക്കാലത്തും പിൽക്കാലത്തും ശാസ്ത്രാഭ്യസനത്തിനു ശേഷിയും ശേമുഷിയുമുള്ളവർ അത്ര ദുർല്ലഭമായിരുന്നില്ലെന്നും ചരിത്രദൃഷ്ട്യാ നമുക്കു കാണാൻ കഴിയും. അക്കാലങ്ങളിൽ ഈ ദുരഭിമാനാഗ്രാസനാധിപതികൾ അവരുടെ ആജ്ഞാവാഹകന്മാരും അനുജീവികളുമായിരുന്നു എന്നതിനു കാളിദാസപ്രഭൃതികളുടെ ചരിത്രംതന്നെ ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ട്. അതിനുശേഷമുള്ള അനവധികാലങ്ങളുടെ ആക്രമണം നിമിത്തം അലസതയും അജ്ഞതയും അനുക്രമേണ അധിരോഹണം ചെയ്കയും തന്നിമിത്തം ഒരു വിചരിണാമം സംഭവിക്കയും ചെയ്തു. തദനന്തരഗാമിയായ ശങ്കരാചാര്യരുടെ ആവിർഭാവത്തോടുകൂടി സ്വാർത്ഥതല്പരന്മാരായ ബ്രാഹ്മണമേധാവികളുടെ അധികാരാവകാശങ്ങൾക്കു് അസ്ഥിവാരം പടുക്കുവാൻവേണ്ടി ജാതിമതാചാരധർമ്മങ്ങളെ വിഭജിച്ച് അജ്ഞന്മാരും അഹങ്കാരികളുമായ അവശസമുദായങ്ങളെ ബലപ്രയോഗത്താലും നയോപായങ്ങളാലും അടിമകളാക്കിത്തീർത്തു വേദശാസ്ത്രാദികൾക്കു ഭയങ്കരമായ അർത്ഥങ്ങളെ വ്യാഖ്യാനിച്ചു തെറ്റിദ്ധരിപ്പിച്ച് അവരുടെ സ്വാർത്ഥത്തെ പ്രായോഗികമാക്കിത്തീർക്കുകയും ചെയ്തിരുന്നു.

ബ്രാഹ്മണർ ഉച്ചരിക്കുന്ന ദേവഭാഷയെ ഇതരന്മാർക്കു് തീണ്ടുകപോലും ചെയ്തുകൂടെന്നും അതുകൾ നോക്കിയാൽ കണ്ണു പൊട്ടുമെന്നും ഉച്ചരിച്ചാൽ നാവ് പുഴുത്തുപോകുമെന്നും ശ്രവണമാത്രത്തിൽതന്നെ ശ്രോത്രപുടങ്ങൾ അടഞ്ഞുപോകുമെന്നും അവർ വിധിച്ചിരുന്നു. ആ വക ഗ്രന്ഥങ്ങൾ മിക്കവാറും ഗഹനമായ വിഷയങ്ങളെക്കൊണ്ടു സംസ്കൃതഭാഷകളിൽ വിരചിതങ്ങളായിരുന്നതുകൊണ്ടും ദുഷ്പ്രഭുക്കന്മാരായ ദുർദ്ദേവതകളുടെ ദുഷ്ടത നിമിത്തം ദുർവ്വിനീതന്മാരും ദരിദ്രനാരായണന്മാരുമായിത്തീർന്ന അവർക്കു സംസ്കൃതഭാഷയെയോ വേദശാസ്ത്രാദികളെയോ എന്നുവേണ്ട ആത്മാഭിമാനംപോലും എന്തെന്നുള്ളതു് അന്വേഷിക്കുവാനോ അറിയുവാനോ ഉള്ള ക്ഷമയോ സൌകര്യമോ സന്മനസ്സുതയോ, സുഖലോലുപന്മാരും അടിമത്വമൂർത്തികളുമായ അവർക്കു് അസാദ്ധ്യമായിരുന്നു. എന്നുതന്നെയല്ല ആ വക ധിക്കാരങ്ങളെ അപരിഷ്കൃതരായ അബ്രാഹ്മണസമുദായങ്ങൾ അഭിമാനപുരസ്സരം അഭിനന്ദിക്കയും അക്ഷരംപ്രതി അനുസരിക്കയും ചെയ്തിരുന്നു എന്നുള്ളതിനു് ഇത്തരം ചില യാഥാസ്ഥിതികന്മാരുടെ ഇടയിൽ കണ്ടുവരുന്ന ആചാരങ്ങളും അഭിപ്രായങ്ങളും പ്രധാനലക്ഷ്യങ്ങളാണ്. എന്നു

വേണ്ട അവരുടെ അഭിമാനം പുലത്തുന്നതിനുവേണ്ടി ജാതിമതാചാരധർമ്മങ്ങളും ജാതിന്നനുകൂലങ്ങളായ സ്മൃത്യാദിഗ്രന്ഥങ്ങളും സൃഷ്ടിച്ചു ബ്രാഹ്മണനെന്നും, ക്ഷത്രിയനെന്നും, വൈശ്യനെന്നും, ശൂദ്രനെന്നും, ചണ്ഡാളനെന്നും മററുമുള്ള ജാതിവിഭാഗം ചെയ്തു തീണ്ടൽ-തൊടൽ എന്നിന്നിബന്ധനകളോട്ടുകൂടി കോണകം തിരുമ്പുവാനും കന്നുകാലി മേയ്ക്കുവാനും കൂലിവേല ചെയ്യുവാനും ഇതരന്മാരെ ഭരമേല്പിച്ചു പ്രപഞ്ചകർത്താവെന്ന നിലയിൽ ബ്രഹ്മത്വമാകുന്ന സർവ്വജ്ഞപീഠത്തിലിരുന്നു ഹാ-ഭ്രൂ ശബ്ദങ്ങളെക്കൊണ്ടു് ആർഭാടം വിളികളുമാറാക്കിയതും ഈ കേരളീയരായ നമ്മുടെ അടിമത്വബോധം തന്നെയാണു്. അതിനു ദൃഷ്ടാന്തമായി "സ്നാതമശ്വം ഗജം മത്തം തുരഗം കാമമോഹിതം. ശൂദ്രമക്ഷരസംയുക്തം ദൂരതഃ പരിവർജ്ജയേൽ" എന്നു മുതലായ അഭിജ്ഞവചനങ്ങളുടെ യഥാർത്ഥമായ അർത്ഥത്തെ മാച്ചുവച്ചും നിരക്ഷരകുക്ഷികളായ അടിമകളുടെ അക്ഷരജ്ഞാനത്തെക്കൂടെ അവർ പ്രതിഷേധിച്ചിരുന്നു. അതുനിമിത്തം സംസ്കൃതഭാഷയെന്നതു എന്താണെന്നുപോലും ജനതതികളുടെ ആലോചനയ്ക്കു അവിഷയമായിത്തന്നെ അനേകം നൂററാണ്ടുകൾ കഴിയേണ്ടിവന്നതാണു് ആ പരിഷ്കൃതവും പരിപാവനവുമായ ദേവഭാഷയെ "മൃതഭാഷ"യെന്ന അപരനാമത്തിൽ അറിയേണ്ടിവന്നതു്.

എന്നാൽ കേരളീയദുഷ്പ്രഭുത്വത്തിൻെറ വിജയകാഹളം മാറെറാലിക്കൊള്ളാത്ത ഇതരദേശങ്ങളിൽ — അതെ, ജാതിമതാചാരങ്ങളായ അനാചാരഭൂതത്തിൻെറ ദൃഷ്ടിബാധയേല്ക്കാത്ത മറുനാട്ടുകളിൽ—ആ ഭാഷാകല്പതരു ഫലസമൃദ്ധമായിട്ടുതന്നെയാണു് ഇന്നും കണ്ടുവരുന്നതു്. ഏതാണ്ടു് അല്പകാലങ്ങളായിട്ടുള്ള കാലചക്രത്തിൻെറ പരിവർത്തനഫലമായിട്ടു ജനസമുദായത്തിൽ സാമാന്യമായ സ്വാതന്ത്ര്യബോധം അങ്കുരിക്കുകയും അജ്ഞാതവാസമാവായിരുന്ന ആ മൃതഭാഷ അല്പപ്രജ്ഞമായിത്തീരുകയും ചെയ്തതിൻെറ ഫലമാണു് അഗ്നിബാധയേററു വെണ്ണീറടിച്ചുപോയ വെങ്കലമാടത്തിൻെറ അവശിഷ്ടങ്ങളെന്നപോലെ കേരളത്തിലങ്ങുമിങ്ങുമായി ചില ശാസ്ത്രപാഠശാലകളുടെ ആവിർഭാവം കണ്ടുതുടങ്ങീട്ടുള്ളതു്. ഈ പുരാതനകാലങ്ങളിൽ പൂർവ്വികന്മാരുടെ നിത്യപഠനത്തിനും നിത്യോപയോഗത്തിനും പ്രയോജകീഭവിച്ചിരുന്നതാണെന്നു് ഉദ്ദേശം രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു പാണിനിഗർഗ്ഗഗൌതമപരാശരാദിമഹർഷിവരന്മാരാൽ നിർമ്മിതങ്ങളായ ശാസ്ത്രങ്ങളുടെ ഇന്നോട്ടുകൂടെയുള്ള നിലനില്പുകൊണ്ടു നമുക്കനുമാനിക്കാവുന്നതാണു്.

ഋഷീശ്വരന്മാർ "ജ്യോതിഃകല്പോനിരുക്തംച ശിക്ഷാ വ്യാകരണം തഥാഛന്ദോ വിചിതിരേതാനിഷഡംഗാനി വിദുഃശ്രുതേഃ" എന്ന പ്രമാണംകൊണ്ടു ശാസ്ത്രങ്ങളെ വേദപുരുഷന്റെ ആറ് അവയവങ്ങളായിട്ടാണു വിഭജിച്ചിരിക്കുന്നതു്. അതുകളെത്തന്നെ വ്യക്തമായ രീതിയിൽ ഒന്നുകൂടി വിവരിക്കുന്ന പ്രമാണങ്ങളുടെ ഇവിടെ ഉദ്ധരിക്കുന്നതും അനൌചിത്യമാകയില്ലെന്നു വിശ്വസിക്കുന്നു "ഛന്ദഃ പാദൌ ശബ്ദശാസ്ത്രം ച വക്ത്രം കല്പഃ പാണീ ജ്യോതിഷം ചക്ഷുഷീച ശിക്ഷാഘ്രാണം ശ്രോത്രമുക്തം നിരുക്തം വേദസ്യാംഗാന്യേവമാഹുർമ്മുനീന്ദ്രാ." എന്നുള്ളതുകൊണ്ടു വേദത്തിന്നു നിത്യോപയോഗമായ ജ്യോതിഷം, ഛന്ദസ്സ്, കല്പം, നിരുക്തം, ശിക്ഷാ, വ്യാകരണം എന്നീ ശാസ്ത്രങ്ങളിൽ അജ്ഞാനതിമിരാന്ധന്മാരുടെ അവശതകളെ പരിഹരിച്ചു ത്രികാലഫലാനുഭവങ്ങളെ ആരാഞ്ഞറിയുന്നതിന്നു് അവശ്യം ആവശ്യകമായ ജ്യോതിശ്ശാസ്ത്രം ശാസ്ത്രഗണനയിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതുകൊണ്ടും ഇതിനെ വേദത്തിന്റെ കണ്ണായിട്ടു പരിഗണിച്ചിരിക്കകൊണ്ടും "വേദസ്യചക്ഷുഃ കില ശാസ്ത്രമേതൽ പ്രധാനതാംഗേഷു തതോസ്യയുക്താ അംഗൈര്യുതോന്യൈരപി പൂർണ്ണമൂർത്തിഃ ചക്ഷുർവ്വിനാകഃ പുരുഷത്വമേതി" എന്നും മററുമുള്ള അഭിജ്ഞവചനങ്ങളെക്കൊണ്ടു മനുഷ്യരുടെ അവയവനിരൂപണത്തിൽ ചക്ഷുസ്സിന്നു പ്രഥമസ്ഥാനം നിർദ്ദേശിച്ചിരിക്കകൊണ്ടും വേദാംഗങ്ങളായ ഗ്രന്ഥങ്ങളിൽ ഇതിന്നു് ഉത്തമസ്ഥാനത്തെ നിപതിപ്പിച്ചിരിക്കകൊണ്ടും ഈ ശാസ്ത്രത്തിന്റെ വൈശിഷ്ട്യം വ്യക്തമാകുന്നുണ്ടു്.

(തുടരും.)

## ഭയം:

—സി. എ. കിട്ടുണ്ണി.

"ആവശ്യമില്ലാത്ത ഭയം നമ്മുടെ മനശ്ശക്തിയേയും ആരോഗ്യത്തെയും തിന്നൊടുക്കുന്ന ചിതലത്രെ." എല്ലാ ശരീരശാസ്ത്രജ്ഞന്മാരും മനഃശാസ്ത്രജ്ഞന്മാരും ഈ വാസ്തവത്തെ സമ്മതിക്കുന്നു. മററെന്തെല്ലാം സുഖസൌകര്യങ്ങളും അനുകൂലങ്ങളായ പരിതഃസ്ഥിതികളും ഉണ്ടായാൽക്കൂടിയും നിർഭയമായ ഒരു ചിത്തവൃത്തി സ്വാധീനമില്ലാഞ്ഞാൽ, ആ വ്യക്തിക്ക് ജീവിതായോധനത്തിൽ വിജയം കരസ്ഥമാക്കുന്നതിന്നു കഴിവുണ്ടാകുന്നതല്ല. ലോകത്തിൽ ഇന്നോളവും മഹത്തായ കാര്യങ്ങൾ സാധിച്ചിട്ടുള്ളവരുടെ ചരിത്രങ്ങൾ വായിച്ചാൽ അവരെല്ലാം ജന്മനാ ഭയമെന്തെന്നറിയാത്തവരാണെന്നു കാണാം. വളരെ രാഷ്ട്രങ്ങളുടെ ശക്തി കേന്ദ്രീകരിക്കപ്പെട്ടതാകയാൽ അപ്രതിഹതവും അധൃഷ്യവുമായ ആജ്ഞാശക്തിയുണ്ടെന്നു കരുതപ്പെട്ടിരുന്ന "സർവ്വരാജ്യസഖ്യ"ത്തിന്റെ ശാസനയോ, പ്രബലങ്ങളെന്നു കരുതപ്പെടുന്ന മററു രാജ്യങ്ങളുടെ നിസ്സഹകരണപ്രഖ്യാപനമോ, ഇററലിയിലെ ആ മഹാധൈര്യവാനെ, താനുദ്ദേശിച്ച കൃത്യത്തിൽനിന്നും പിന്തിരിപ്പിച്ചില്ല. ഹെർ ഹിററ്ലരുടെ ചരിത്രവും നിർഭയത്വത്തിന്ന് ഉദാഹരണപൂർണ്ണമാണ്. ജനനമോ, അനുകൂലങ്ങളായ പരിതഃസ്ഥിതിയോ അല്ല യോഗ്യതയ്ക്കും അഭിവൃദ്ധിക്കും നിദാനമെന്നും, നിർഭയത്വവും, അവിശ്രമപരിശ്രമവുമാണ് ഏതൊരാളേയും സംപൂജ്യരാക്കിത്തീർക്കുന്നതെന്നും ജർമ്മനിയിലേയും ഇററലിയിലേയും ഇന്നത്തെ ഭരണാധികാരികൾ സംഭവബഹുലങ്ങളായ അവരുടെ ചരിത്രങ്ങൾമൂലം നമ്മെ പഠിപ്പിക്കുന്നു.

യുദ്ധപ്രിയന്മാരും പ്രക്ഷോഭകാരികളുമായ ഈ രണ്ടു മഹാന്മാരെപ്പററി പ്രസ്താവിച്ചതുകൊണ്ടു നിർഭയത്വമെന്ന ഉൽകൃഷ്ടഗുണം അത്തരക്കാർക്കേ അനുയോജ്യവും ഭൂഷണവുമാകയുള്ളുവെന്ന് അർത്ഥമില്ല. അഹിംസാസിദ്ധാന്തിയായ മഹാത്മജിയെത്തന്നെ നോക്കാം. ഇന്നു ജീവിച്ചിരിക്കുന്ന മനുഷ്യരിൽ ഏററവും നിർഭയനാണു മഹാത്മജി. മുസ്സോളിനിക്കും ഹിററ്ലർക്കും അവരുടെ പരിഷ്കൃതങ്ങളായ പീരങ്കിയുടേയും, ബോമ്പിന്റേയും, വിഷവായുവിന്റേയും സംഹാരശക്തി ആശ്രയമായി നില്ക്കുന്നു. അസംഖ്യം വ്യോമവാഹനങ്ങളും, അന്തർവാഹിനിക

ളും മുകളിലും അടിയിലും, ചുററും സീമയില്ലാത്ത സുശിക്ഷിതരായ ആജ്ഞാവാഹകന്മാരും അവരെസ്സേവിക്കുന്നു. എന്നാൽ 'അർദ്ധനഗ്നനായ ആ ഫക്കീറിന്നു തന്റെ ആത്മശക്തിയല്ലാതെ യാതൊരവലംബവുമില്ല. ആ കൊച്ചുമനുഷ്യനാണ സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തെ അങ്ങോളമിങ്ങോളം പ്രചണ്ഡമാരുതനെന്നപോലെ ഇളക്കിമറിച്ചതു്! നിയമങ്ങൾ, ശിക്ഷകൾ, കാരാഗൃഹം എന്നിവയൊന്നും പരിശുദ്ധമായ തന്റെ ആദർശത്തിന്നു മുമ്പിൽ അദ്ദേഹത്തിന്നു ഭയംകരങ്ങളല്ല. ആറുകൊല്ലത്തെ തുറുങ്കുവാസം ഒരു വലിയ ആതിഥ്യമായി സസ്മിതം സ്വീകരിക്കുമ്പോഴും, പ്രായോപവേശം ചെയ്തു ജീവത്യാഗം ചെയ്യാൻ മുതിരുമ്പോഴും, ആഴമേറിയ ആഴിപോലെ, ആ ഹൃദയം നിശ്ചലമായി, നിർവ്വികാരമായിത്തന്നെ സ്ഥിതിചെയ്യുന്നു.

രാജ്യസ്ഥാപകന്മാരെന്നപോലെ മതസ്ഥാപകന്മാരും ഭയമെന്തെന്നറിയാത്തവരായിരുന്നു എന്നു കാണാം. മഹാനായ ക്രിസ്തുദേവന്റെ മനഃസ്ഥൈര്യം, പ്രതിയോഗികളുടെ എല്ലാവിധ പീഡകളേയും ജയിക്കത്തക്കതായിരുന്നു. ആ ആദ്യത്തെ "സത്യഗ്രഹി" ശത്രുക്കളുടെ പരിഹാസത്തിലും, ദേഹോപദ്രവത്തിലും വധശിക്ഷയിൽപോലും തന്റെ ആദർശത്തിൽനിന്നു് അണുപോലും വ്യതിചലിക്കയോ വ്യസനിക്കയോ ചെയ്യുന്നില്ലെന്നു് തന്നെയല്ല, തന്റെ ദ്രോഹികളെ വെറുക്കുകപോലും ചെയ്യുന്നില്ല.

ശ്രീബുദ്ധനും, മുഹമ്മദുനബിയും ഇതുപോലെത്തന്നെ നിർഭയരായിരുന്നു. ഹിംസകൊണ്ടു് "ചോരയാൽ ചോന്നൊഴുകുന്ന" ഭാരതത്തിൽ ശാന്തിയുടെ ശീതളനീരൊഴുക്കിയ ബുദ്ധഭഗവാൻ "ഗളമറുക്കുവാൻ തരിക്കും കരവാളുകൾ"ക്കു മുമ്പിൽ നിർഭയനായി ചെന്നു് ഇദംപ്രഥമമായി തന്റെ അഹിംസാസിദ്ധാന്തം പ്രസംഗിക്കുന്ന ചിത്രം നമുക്കനുമാനിക്കാം. അതുപോലെ, ഉറക്കത്തിൽ തന്റെ വാൾ കവർന്നെടുത്തു കഴുത്തിനുനേരെ വെട്ടാനോങ്ങി 'മരിക്കാനൊരുങ്ങിക്കൊൾക' എന്നുരക്കുന്ന നിരക്ഷരകുക്ഷിയായ അടിമയെ നിർഭയമായി, നിർവ്വികാരമായി നോക്കി ധൈര്യപൂർവ്വം സമാധാനം പറഞ്ഞു്, തന്റെ അതിരററ ആത്മശക്തിയുടെ മുമ്പിൽ അരിയുടെ അസി പിടിച്ച ഭുജം തൊഴുകയ്യാക്കി മാററുന്ന ശ്രീമുഹമ്മദുനബിയുടെ മനശ്ശക്തിയും നമുക്കു് ചിന്തിക്കാം.

ഇങ്ങിനെ ജീവിതത്തിൽ മററുള്ളവരെ നിഷ്പ്രയാസം നയിക്കാൻ സാധിച്ച മഹാന്മാരെല്ലാം നിർഭയചിത്തരായിരുന്നുവെന്നു കാണാം. ഈ

ഉൽകൃഷ്ടഗുണങ്ങളെ ശീലിക്കേണ്ടതും, അനുഷ്ഠിക്കേണ്ടതും നമ്മുടെ, വിശിഷ്യ വിദ്യാൎത്ഥികളുടെ ഒഴിച്ചുകൂടാത്ത കടമയാകുന്നു. ആവശ്യമില്ലാത്ത ആചാരം, നടപ്പ് എന്നിവകൾക്ക മനസ്സിനെ വിട്ടുകൊടുത്ത്, അവകളെക്കൊണ്ടു തങ്ങളെ നയിക്കുക എന്ന സ്വഭാവം ത്യാജ്യമാണ്. അതുപോലെതന്നെ വേണ്ടതിലും വേണ്ടാത്തതിലുമുള്ള അന്ധമായ പേടിയും മനസ്സിൻെറ ശക്തിയെ കെടുത്തുന്നു. കുററം ചെയ്യാത്ത ഒരാൾക്ക പോലിസ്സുകാരനെയല്ല, മററാരേയും കാണുമ്പോൾ ഭയം തോന്നേണ്ട ആവശ്യമില്ലല്ലോ. എന്നാൽ ഇന്നും—ഉൾനാട്ടുകളിൽ പ്രത്യേകിച്ച്,—ഒരു പോലീസ്സുദ്യോഗസ്ഥനെക്കാണുമ്പോൾ, സ്വയം ഭയപ്പെടുന്നവർ ധാരാളമുണ്ട്. രാത്രി സാധാരണ വഴികളിൽക്കൂടി പോകാൻ ലേശവും ധൈൎയ്യക്ഷയമില്ലാത്ത ഒരാൾക്ക്, വല്ല ശ്മശാനത്തിൻേറയോ ക്ഷേത്രത്തിൻേറയോ സമീപത്തുകൂടി പോകേണ്ടിവരുമ്പോൾ എവിടേനിന്നെന്നില്ലാതെ ഒരു സംശയവും, അതോടുകൂടി ഭയവും അങ്കുരിക്കുന്നു. അഴുക്കിൽനിന്നു ക്ഷുദ്രജീവികളെന്നപോലെ, ഈ ഭയത്തിൽനിന്നാണ് പ്രായേണ ഭൂതങ്ങളും, ചെകിത്താന്മാരും, ഒടിയന്മാരും മററും സമുൽഭൂതമാകുന്നതെന്ന വാസ്തവം അവരറിയുന്നില്ല. "പാതിരാവിൻെറ തണുപ്പാൎന്ന വായുവിൽ" ആടുന്ന വൃക്ഷങ്ങളുടെനിഴലുകളെ ഭൂതങ്ങൾ ഇഴഞ്ഞുവരികയാണെന്നു ധരിച്ചു ഭയപ്പെട്ടു മൃത്യുവശഗരായവർ നമ്മുടെ രാജ്യത്തിൽ ദുൎല്ലഭമല്ലല്ലോ.

കേരളീയരായ നാം ജനിച്ചതിന്നുശേഷം ആദ്യമായി പഠിക്കുന്നതുതന്നെ ഭയത്തെപ്പററിയാണെന്നു പറയുന്നതിൽ അതിശയോക്തിയില്ല. ചെറിയ ശിശുക്കൾ കരയുമ്പോൾ, തൽക്ഷണംതന്നെ അതു ശമിപ്പിച്ചു 'സ്വൊല്ല' തീൎക്കുവാനായി "മിണ്ടരുത്, ഇതാ അഞ്ചുകണ്ണൻ പിടിച്ചുതിന്നും" എന്നും മററും സരസ്വതീവിലാസംപോലെ ഇടവിടാതെ പറഞ്ഞു കുട്ടികളെ മിണ്ടാതാക്കി സന്തുഷ്ടരാകുന്ന അമ്മമാരാണ് കേരളത്തിലധികവും. ഈ വക നിസ്സാരങ്ങളായി തോന്നുന്ന കാൎയ്യങ്ങളാൽ കുട്ടികളിൽ ഭയം കുത്തിവെച്ച് അവരുടെ ആത്മശക്തിയെ കെടുത്തുന്ന ഘോരപാതകത്തെപ്പററി നാമറിയുന്നില്ല.

പാഠാലയങ്ങളിൽ താഡനക്രിയകളും മററും ഇല്ലാതാക്കണമെന്നും കഥകളും കളികളും അനുവദിക്കണമെന്നും പറയുന്നതു ചെറുവിദ്യാൎത്ഥികളുടെ പിഞ്ചുഹൃദയങ്ങളെ ഭയാഗ്നിയിൽ വാട്ടാതെ വളൎത്തിക്കൊണ്ടുവരേണ്ട ഏകോദ്ദേശത്തോടുകൂടിയാണ്. മഞ്ഞപ്പിത്തം എന്ന വ്യാധിയുള്ള രോഗി എല്ലാം മഞ്ഞയായി കാണുന്നതുപോലെ,

ഭയപ്പെടുത്തി വളർത്തിയ കുട്ടി അവന്റെ ജീവിതത്തിൽ എല്ലാം ഭയപ്രദങ്ങളായി കാണുന്നു. അങ്ങിനെയുള്ളവർക്കു ജീവിതായോധനത്തിൽ എത്രകണ്ടു വിജയം സിദ്ധിക്കുമെന്നു് ആലോചിക്കാമല്ലോ.

നിർഭയരായി ജീവിക്കണമെന്നും, ആവശ്യമില്ലാത്ത ഭയം അനർത്ഥഹേതുകമാണെന്നും മററും പറഞ്ഞതുകൊണ്ടു ദേഹശക്തിക്കൊത്ത വണ്ണം ആരേയും കൂട്ടാക്കാതെ ഒരുവിധം 'ശണ്ഠ്യാ'ന്മാരായി നടക്കണമെന്ന അർത്ഥം ആരും എടുക്കേണ്ടതില്ല. മഹാകവി കുമാരനാശാൻ നിർഭയനും ധീരനുമായ ഒരു നായകനെ ഇങ്ങിനെ കാണുന്നു:—

"പാരിലില്ല ഭയമെന്നു,മേറെയു-
ണ്ടാരിലും കരുണയെന്നു,മേതിനും
പോരുമെന്നു മരുളി പ്രസന്നമായ്
ധീരമായ മുഖകാന്തിയാലവൻ.

തല്പരത്വമവനാർന്നിരുന്നു തെ-
ല്ലപ്പൊഴും വെന്നരിയെ,യൂഴി കാക്കുവാൻ
കോപ്പിടും നൃപതിപോലെയും കളി-
ക്കോപ്പെടുത്ത ചെറുപൈതൽപോലെയും."

ഒരു നിർഭയന്റെ ആത്മശക്തിയേയും ആദർശത്തെയും മഹാകവി വള്ളത്തോൾ വർണ്ണിച്ചിട്ടുള്ളതിൽനിന്നും നിഷ്പ്രയാസം ഗ്രഹിക്കാം:—

"എത്തേണ്ടതാമിടത്തെത്തിയാലും ശരി,
മദ്ധ്യേ മരണം വിഴുങ്ങിയാലും ശരി,
മുമ്പോട്ടുതന്നെ നടക്കും വഴിയിലെ
മുള്ളുകളൊക്കെച്ചവിട്ടി മെതിച്ചു ഞാൻ."

# ജ്യോതിസ്സു കാട്ടും മാർഗ്ഗം.

(ഗുണമേറും ഭർത്താവെ—മട്ട്)

—എം. എൻ.

തരുണാർക്കബിംബം വിതറിടുന്ന
കിരണങ്ങൾ ശോണിമ പൂശി വാനിൽ
ധരണിയിലേക്കാപ്രഭാതഭാസ്സിൻ
തരികളോരോന്നായ് പതിച്ചിടുമ്പോൾ
ഗഗനത്തിൽ ചുററിപ്പറന്നിടുന്ന
ഖഗമേഘം കണ്ടു ഞാനിന്നു ഭാലമന്യേ.
ചിലനേരം താന്നു പറക്കും പിന്നെ
ദലതതി തന്നിലിരിക്കും ചാലേ
ഉടനടി പൊങ്ങിപ്പറന്നു വാനിൽ
ഉഡുസമം സ്വൈരം വിഹരിച്ചീടും.
തുടുതുടെ മിന്നും നയനങ്ങളും
ചടുലമായുള്ളോരു ചഞ്ച്വഗ്രവും
വെളുവെളെയുള്ളോരു പക്ഷങ്ങളും
തളിരൊത്ത വക്ഷസ്സും ചേർന്നിണങ്ങും
വിഹഗമേ! മോഹനവിഗ്രഹമേ!
ഇഹമോ നിൻ പാവനവാസദേശം?

മതിമോദമേകിടുമേതോ ഗാന-
മതുനേരമാപ്പക്ഷി പാടിടുന്നു.
"ഭവതുസന്മംഗളം മാനവരെ!
നവമായ് സുമങ്ങൾ വിടരും ദിക്കിൽ,
തെളിജലമേന്തും സ്വൈരവാഹിനി
കളകളാരാവം പൊഴിക്കും ദിക്കിൽ,
തെളിതേൻ നുകർന്നു പികവധൂടി
കളിയാടിക്കൂകിടുന്നോരു ദിക്കിൽ,
സ്വൈരതെന്നൽ മാകന്ദമഞ്ജരിയിൽ
തിറമൊടെ ചാഞ്ചാടിടുന്ന ദിക്കിൽ,

പരിചോടെ പോകാൻ മുതിരുന്നു ഞാൻ
പരമേഷ്ഠിയുണ്ടെനിക്കിച്ഛനായി."

"പരിതുഷ്ടിചേർക്കും പ്രണയസ്വപ്നം
ശരിയായ് ഭവിക്കുന്നില്ലെല്ലായ്പോഴും
മൃദുഹാസം തൂകും സുമജാലവും
അധികനാളുണ്ടോ, നിലനിൽക്കുന്നു ?
തൃണസഞ്ചയം മൂടിടും തുഹിന-
മണികളും നീരാവിയായി മാറും
മരതകപ്പച്ചിലച്ചാർത്തണിഞ്ഞ
തരുനിരകാഷായവസ്ത്രം ചാർത്തും
വിധുരതപോക്കും മധുമാസമേ !
മതിമതി പോകാം നമുക്കു വേഗം.
കിസലയം സ്വാഗതം ചെയ്യും ദിക്കിൽ,—
കുശലം കുവലയമോതും ദിക്കിൽ—
പരിചോടെ പോകാൻ വരിക വേഗം
പരമമാം ജ്യോതിസ്സു കാട്ടും മാർഗ്ഗം."